കോട്ടയം
നൃതീയേററിൽ
നാളെരാത്രി
പി യു. ചിന്നപ്പാ,
ററി. ആർ. രാജകുമാരി,
കൃഷ്ണൻ, മധുരം
മുതലായവർ നടിച്ച

കൃഷ്ണഭക്തി

പ്രത്യേകപ്രതിപ്പ് വില 3 പൈസ

No. T 171 Licence No. 365 dated 26-8-1948

ദേശബന്ധു

Editor-in-Chief K. N. Sankunni Pillai B. A. & B. L.

മൂന്നാമതുവാരം
കോട്ടയം
സെനട്രലിൽ
നാളെരാത്രി
T. R. മഹാലിംഗം,
T. R. രാജകുമാരി,
N. S. കൃഷ്ണൻ, T. A. മധുരം
മുതലായവരഭിനയിച്ച
പവിഴക്കൊടി

Vol. 2 | കോട്ടയം 1949 ഏപ്രിൽ 22—൦൦൯ — 1124 മേടം 10—൦൦൯ വെള്ളി പേജ് 4 | No 29

വിമർശനവീഥി

ശുദ്ധീകരണപാർട്ടി:—

ശ്രീ. പട്ടത്താണുപിള്ളയുടെ അടുത്ത പ്രോഗ്രാം എന്താണെന്ന് ഒരു പത്രറിപ്പോർട്ടർ ചോദിച്ചപ്പോൾ, വിമോചനകാൺഗ്രസ്സുകാരെ വിളിച്ചുകൂട്ടി ഒരു ശുദ്ധീകരണ നടപടിയിൽ വ്യാപൃതനാകുവാനാണ് താൻ നിശ്ചയിച്ചിരിക്കുന്നതായി അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. "പന്തിരണ്ടുകാലം പട്ടത്തുകൂടെ നടന്നിട്ട് മുതുകിലൊ പുറകിലൊ കുട്ടമ" എന്നറിയാൻ പാടില്ലാത്തപോലെ സ്നേഹിതന്റെ മട്ടിലാണ് താണുപിള്ളയാറിന്റെ പോക്ക്. പന്ത്രണ്ടുകൊല്ലം വനവാസം നടത്തി യജ്ഞങ്ങളും ശുദ്ധീകർമ്മങ്ങളും ചെയ്തതിന്റെ ഫലമായി ഉണ്ടായ മനോമോഹനവും സമത്വസുന്ദരവും ആയ ഒരവസ്ഥയിലാണ്. അദ്ദേഹത്തിന്റെ അനുയായികളായ പരിഷ്കർമ്മികൾ അടിമറിഞ്ഞ് മടിയന്മാരായി ഇന്ന് കഴിഞ്ഞുകൂടുന്നതു്. ഇന്നു കാണുന്ന വിമോചനയിൽ കൂടുതൽ എന്താണുഗ്രഹിക്കേണ്ടതു്.

വിമോചകാൺഗ്രസ്സുകാരെ അദ്ദേഹം വിളിച്ചുകൂട്ടി ശുദ്ധീകർമ്മത്തിനു തയ്യാറാകുന്നുപോലും! കാൺഗ്രസ്സിൽ നല്ലതല്ലിച്ചിട്ടില്ലെന്നു ഇനിയും അദ്ദേഹത്തിനു മനസ്സിലായിട്ടില്ലെന്നു തോന്നുന്നു. തിരുവിതാംകൂറിലെ കോൺഗ്രസ് മാത്രം പ്രത്യേകമോഡലാണെന്ന് അതു തെററിയരിക്കേണ്ട ആവശ്യമില്ല. ഇൻഡ്യയിലെ മിക്ക പ്രോവിൻസുകളിലും നാട്ടുരാജ്യങ്ങളിലും, വിമോചകാൺഗ്രസ്സുകാർ കാട്ടിക്കൂട്ടുന്ന കോനാട്ടങ്ങൾ കാണുമ്പോൾ ഇവിടെ ഏതു ഭേദം! എല്ലാം ഗാന്ധിശിഷ്യന്മാരുമാണ്, അഴിമതികൾക്കും അക്രമത്തിനും കള്ളക്കടത്തുകൾക്കുമെല്ലാം ഗാന്ധിയൻ ആദർശങ്ങൾ പാടിക്കൊണ്ടിരിക്കും. എങ്ങിനെയെന്നോ? ക്രിസ്തുവിന്റെ പള്ളികൾപനകളും പള്ളിക്കിൽവച്ചും പ്രാർത്ഥന നടത്തുമ്പോഴും, ചെയ്യുന്നതുപോലെ!

അതുകൊണ്ട്, താണുപിള്ളയാറിന് വിമോചകാൺഗ്രസ്സുകാരെ കിട്ടുന്നകാര്യം പ്രയാസമാണ്. ശുദ്ധീകർമ്മത്തിന് പേടിക്കുന്നതിനുപകരം സ്വൽപം പൊളിററിക്സും രാഷ്ട്രീയപയറ്റും അഭ്യസിച്ചിരുന്നെങ്കിൽ ശുദ്ധീകർമ്മത്തിനു അതൊരു മുന്നൊരുക്കമായിരുന്നേനെ. സ്വന്തം അനുയായികളായി മുകൾത്തട്ടിൽ വിലസുന്ന ഇന്നത്തെ വിമോചകാൺഗ്രസ്സുകാരായ ഭരണാധിപന്മാർ, പ്രതികാരം, ഹിംസ മുതലായ മാർഗ്ഗങ്ങളിൽക്കൂടി മത്തരം ശുദ്ധീകർമ്മമല്ലേ നടത്തുന്നതു്. ശുദ്ധീകരണം ഏതു മാർഗ്ഗത്തിൽക്കൂടെ വേണമെന്നുള്ളതു് അവരുടെ ആലോചനാവിഷയമാകുന്നതുകൊണ്ടു ദുഃഖിക്കാനില്ലാ. ആ മാർഗ്ഗവും നമ്മുക്കെന്നു കാണാമല്ലോ.

വർഗ്ഗീയവും പ്രാദേശികവും:—

ദേശീയത്വം പ്രസംഗിക്കുന്നേരം വർഗ്ഗീയത്വത്തിനു് മൂർച്ച കൂടിവരുകയാണ്. എങ്ങിനെ? കള്ളുകുടിക്കുന്നേരം മദ്യനിരോധനം പ്രസംഗിക്കുന്നപോലെ! ഒന്നുകിൽ ദേശീയത്വത്തിനു് എന്തോ തകരാറുണ്ട്; അല്ലെങ്കിൽ ദേശീയം പ്രസംഗിക്കുന്നവർക്ക് അതുണ്ട്. ദേവാലയങ്ങൾ കൂടിയടുക്കുന്നേരം ദൈവികത്വം കുറഞ്ഞുവരുന്നുണ്ട്. ദേവാലയങ്ങളുടെ ദോഷമോ ആരാധകന്മാരുടേതോ? ദേവാലയങ്ങൾ ഇന്ന് എങ്ങിനെ ചൂഷണം ചെയ്യപ്പെടുന്നുവോ അതുപോലെയാണ് ദേശീയത്വവും ദുഷിച്ചരിക്കപ്പെടുന്നതു്. ദേശീയത്വത്തിന്റെയും പരിപാലനമായ ഗാന്ധിദേവന്റെയും നാമധേയത്തിൽ ഇന്നെന്തെല്ലാം വികൃതികളും ഹീനപ്രവൃത്തികളുമാണ് നടക്കുന്നതു്!

ഏതു ഭോഷ്കു കുപ്പറഞ്ഞാലും, ഏതു മൈതാനപ്രസംഗങ്ങൾ നടത്തിയാലും ഇന്ന് തിരുവിതാംകൂറിൽ അടിമുതൽ മുടിവരെ നശ്നമായ വർഗ്ഗീയ വിഷയാണെന്നുള്ള സത്യം മറച്ചുവയ്ക്കുവാൻ സാധ്യമല്ല. അരധസ്സൻ കളിച്ചുകൂട്ടങ്ങളുകൊണ്ട് ദേശീയ ഗാനം റിക്കാർഡിൽ പാടിക്കൊണ്ട് വിചാരിച്ച് അതങ്ങു തേച്ചു മിനുക്കുകയുവാൻ സാധിക്കുകയുമില്ല. നാളെ ടി. കെ. യെ ശകാരിച്ചും ചെയ്താൽ, ഉടനെ അദ്ദേഹവും പ്രോറോഗ്രസ്സിവും. ദേശീയവും വർഗ്ഗീയവും നേതാക്കന്മാരുടെ രണ്ടുമിഥ്യാധ്വജങ്ങളാണ്. സാധാരണ ജനങ്ങളെ ചൂഷണം ചെയ്യുന്നതിന് ഇതിലേയ്ക്ക് ഇളിക്കയാണ് പററിയതെന്ന് ഈ നേതാക്കന്മാർക്ക് സന്തർദ്ദേശിതമായി പ്രയോഗിക്കാനുള്ള വ്യത്യസ്തയുണ്ട്.

ഇതുവരെ വർഗ്ഗീയ ഇളികയിൽ അവർ തഴയിച്ചു വന്നു. ഇനി പ്രാദേശികവും കൂടി വരുന്നു. കൊച്ചിയനും പ്രാദേശികമിസരങ്ങൾക്ക് വഴിതെളിക്കുന്നതാണ്. തിരുവിതാംകൂറിന്റെ ഒരു ഡിസ്ട്രിക്ടിന്റെ വലിപ്പമില്ലെങ്കിലും അനേകം നാട്ടുരാജ്യങ്ങൾ തിരുവിതാംകൂർ–കൊച്ചി പ്രാദേശിക വഴക്കുകൾ ഇടർന്നു പോകുമെന്നുള്ളതിനു സംശയമില്ലാ. തിരുവനന്തപുരം ഡിവിഷനുകാരുടെ പ്രാദേശികത്വാവബോധം വിട്ടിട്ടില്ലാ. ബഹുഭൂരിപക്ഷമായ ശ്രീപദ്മനാഭപിള്ളയിലും അതൊരവയ്ക്കായിരുന്നുവെന്നു പറയുമ്പോൾ അതെത്രത്തോളം അടിയുറച്ചതാണെന്ന് ഊഹിച്ചുകൊള്ളുക. അതുകൊണ്ട്, ഇവിടെയുള്ള ഒരു സങ്കുചിത സന്ദർഭത്തിനേയും കൂടി തകർക്കുന്നതാണ്. അപ്പോൾ, ദേശീയത്വത്തിന്റെ "മിക്സ്ചർ" ആയി രണ്ടു മുഖ്യധ്വജങ്ങളേയും നേതാക്കന്മാർക്ക് അവശ്യം പോലെ പ്രയോഗിക്കാം. വർഗ്ഗീയമായും പ്രാദേശികമായും ജനസംഖ്യാനുപാതിക നീതിയനുസരിച്ച് മന്ത്രിമാരേയും, മെമ്പർമാരേയും, ഉദ്യോഗസ്ഥന്മാരേയും, കമ്മിററികളേയും മററും വീതിക്കുന്ന ജാലവിദ്യകൾ അടുത്ത ഭാവിയിൽ നമുക്ക് കാണുവാൻ കഴിയും.

സംയോജനം ചർച്ചാവിഷയമല്ലാ:—

തിരുവിതാംകൂർ—കൊച്ചി സംയോജനം സംയുക്തനിയമസഭയിൽ ചർച്ചാവിഷയമായിരിക്കുകയില്ലെന്ന് മന്ത്രിസഭാപ്രമുഖൻ ശ്രീ. ടി. കെ. പ്രഖ്യാപനം ചെയ്തിരിക്കുന്നു. സംയോജനം നാട്ടുരാജ്യവകുപ്പിന്റെ തീരുമാനമായതുകൊണ്ട് നിയമസഭയ്ക്കുതീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുമില്ല. നാളെ ടി. കെ. യെ ശകാരിച്ചും ചെയ്താൽ, ഉടനെ അദ്ദേഹവും പ്രോറോഗ്രസ്സിവും. ദേശീയവും വർഗ്ഗീയവും നേതാക്കന്മാരുടെ രണ്ടുമിഥ്യാധ്വജങ്ങളാണ്. സാധാരണ ജനങ്ങളെ ചൂഷണം ചെയ്യുന്നതിന് ഇതിലേയ്ക്ക് ഇളിക്കയാണ് പററിയതെന്ന് ഈ നേതാക്കന്മാർക്ക് സന്തർദ്ദേശിതമായി പ്രയോഗിക്കാനുള്ള വ്യത്യസ്തയുണ്ട്.

ഇതുവരെ വർഗ്ഗീയ ഇളികയിൽ അവർ തഴയിച്ചു വന്നു. ഇനി പ്രാദേശികവും കൂടി വരുന്നു. കൊച്ചിയനും പ്രാദേശിക മിസരങ്ങൾക്ക് വഴിതെളിക്കുന്നതാണ്. തിരുവിതാംകൂറിന്റെ ഒരു ഡിസ്ട്രിക്ടിന്റെ വലിപ്പമില്ലെങ്കിലും അനേകം നാട്ടുരാജ്യങ്ങൾ തിരുവിതാംകൂർ–കൊച്ചി പ്രാദേശിക വഴക്കുകൾ ഇടർന്നു പോകുമെന്നുള്ളതിനു സംശയമില്ലാ. തിരുവനന്തപുരം ഡിവിഷനുകാരുടെ പ്രാദേശികത്വാവബോധം വിട്ടിട്ടില്ലാ. ബഹുഭൂരിപക്ഷമായ ശ്രീപദ്മനാഭപിള്ളയിലും അതൊരവയ്ക്കായിരുന്നുവെന്നു പറയുമ്പോൾ അതെത്രത്തോളം അടിയുറച്ചതാണെന്ന് ഊഹിച്ചുകൊള്ളുക. അതുകൊണ്ട്, ഇവിടെയുള്ള ഒരു സങ്കുചിത സന്ദർഭത്തിനേയും കൂടി തകർക്കുന്നതാണ്. അപ്പോൾ, ദേശീയത്വത്തിന്റെ "മിക്സ്ചർ" ആയി രണ്ടു മുഖ്യധ്വജങ്ങളേയും നേതാക്കന്മാർക്ക് അവശ്യം പോലെ പ്രയോഗിക്കാം. വർഗ്ഗീയമായും പ്രാദേശികമായും ജനസംഖ്യാനുപാതിക നീതിയനുസരിച്ച് മന്ത്രിമാരേയും, മെമ്പർമാരേയും, ഉദ്യോഗസ്ഥന്മാരേയും, കമ്മിററികളേയും മററും വീതിക്കുന്ന ജാലവിദ്യകൾ അടുത്ത ഭാവിയിൽ നമുക്ക് കാണുവാൻ കഴിയും.

നിമിററ്സ് വരുന്നില്ല.

ലേക്സക്സസ് ഏ.20

കാശ്മീർ പ്രൈമിസ്റ്റേററിയിക്കുമ്പോൾ അഡ്മിനിസ്ട്രേററിയിക്കുമ്പോൾ ഏററെടുക്കുന്നതിനു് ഈ മാസത്തിൽ കാശ്മീരിലേയ്ക്കു പുറപ്പെടേണ്ടിയിരുന്ന അഡ്മിറൽ ചെസ്റ്റർ നിമിററ്സ് അദ്ദേഹത്തിന്റെ യാത്ര പരിപാടി അനിശ്ചിതകാലത്തേയ്ക്കു മാററിവച്ചിരിക്കുന്നു. കാശ്മീരിലെ നില വ്യക്തമല്ലാത്തതാണത്രേ ഈ മാററിവയ്ക്കലിനു കാരണം.

പണ്ഡിതനെഹ്റു ലണ്ടനിൽ

കോമൺവെൽത്തു പ്രധാനമന്ത്രിമാരുടെ സമ്മേളനം ഇന്നാരംഭിക്കുന്നു

ലണ്ടൻ, ഏപ്രിൽ 21

ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിതജവഹർലാൽനെഹ്റു ഇന്ന് വൈകുന്നേരം ഇവിടെ വന്നുചേർന്നു. കോമൺവെൽത്തു പ്രധാനമന്ത്രിമാരുടെ സമ്മേളനം നാളെ രാവിലെ ആരംഭിക്കുന്നതാണ്.

ലണ്ടനിലെ ഇൻഡ്യൻഹൈകമ്മീഷണർ മി. വി. കെ. കൃഷ്ണമേനോൻ ബ്രിട്ടീഷ്കോമൺവെൽത്തു റിലേഷൻസ് സെക്രട്ടറി മി. ഫിലിപ്പ് നോയൽബേക്കർ, ബ്രിട്ടനിലെ മാർഷിസ് അംബാസഡർ തുടങ്ങിയവർ പണ്ഡിതനെഹ്റുവിനെ വിമാനത്താവളത്തിൽവച്ചു സ്വീകരിച്ചു. തന്റെ ചുററുംകൂടി ചോദ്യങ്ങളുന്നയിച്ച പത്രപ്രതിനിധികളോടായി പണ്ഡിതജി പറഞ്ഞതു്. "സംഭാഷണങ്ങൾ മംഗളകരമായി പര്യവസാനിക്കുമെന്നു നാം ആശിക്കുന്നു എന്നാണ്".

ജിനീവായിൽ

ബോംബെയിൽനിന്നു ലണ്ടനിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ പണ്ഡിതനെഹ്റു ജിനീവായിൽ ഒരു മണിക്കൂർ തങ്ങിയിരുന്നു. "ഞങ്ങൾ എല്ലാവരോടും സഹകരിച്ചുകൊണ്ടു സഹകരിക്കുകയാണ് ഞങ്ങളുടെ ഉദ്ദേശം" എന്നാണ് അവിടെക്കൂടിയ പത്രപ്രതിനിധികളോടായി പണ്ഡിതനെഹ്റു പറഞ്ഞതു്. തുടർന്നിട്ടുള്ള ഷെർവാണിയും ശാസ്ത്രിത്തൊപ്പിയും ധരിച്ചിരുന്ന പണ്ഡിതനെഹ്റു കഴിഞ്ഞ കോമൺവെൽത്തുസമ്മേളനം കഴിഞ്ഞുകണ്ടതിലും ഉത്കണ്ഠാകുലനായിട്ടാണ് കാണപ്പെട്ടതു്.

സ്വിററ്സർലണ്ടിലെ ഇൻഡ്യൻ മിനിസ്റ്റർ മി. ഡി. ആർ. ദേശായി പണ്ഡിതജിയുമായി ഡിന്നർ കഴിച്ചു.

(പി. ററി. ഐ. റോയിട്ടർ)

സന്ധി സംഭാഷണങ്ങൾ തകർന്നു

യാംഗ്സിനദികടന്ന് കമ്മ്യൂണിസ്ററുകാർ നാങ്കിങ്ങിന്റെ നേർക്ക്

വൻതോതിൽ ആക്രമണം തുടങ്ങി—ഗവ: കാൻറണിലേക്ക് മാറി

നാങ്കിങ്ങ്, ഏപ്രിൽ 21

ചൈനയിലെ സന്ധിസംഭാഷണങ്ങൾ തകരുകയും യാംഗ്സ്സിനദി കടന്നു് കമ്മ്യൂണിസ്റ്റുകാരെ ആക്രമണം തുടങ്ങുന്നതിനു് കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ അവരുടെ ഭടന്മാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരിക്കുന്നു. ചൈനീസ് മന്ത്രിസഭ നാങ്കിങ്ങിൽനിന്ന് കാൻറണിലേയ്ക്കു മാറി. ഗവർണ്മെന്റിലെ പ്രതിലോമവാദികളെ ഇല്ലാതാക്കുന്നതിനും "യുദ്ധകററവാളി"കളെ പിടികൂടുന്നതിനും പ്രത്യേകസന്ധിക്കു തയ്യാറുള്ള പ്രവിശ്യാഗവണ്മെന്റുകളുമായി സന്ധിയാലോചനകൾ നടത്തുന്നതിനും കമ്മ്യൂണിസ്റ്റ്നേതാവിന്റെ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്! നാങ്കിങ്ങ് വളയുവാനും ഭടന്മാരോടാവശ്യപ്പെട്ടിട്ടുണ്ട്.

ചൈനീസ് അക്ടിംഗ് പ്രസിഡന്റും ജനറൽ ലീസൺജെന്നു ജനറലിസ്സിമോചിയാങ്ങ് കൈക്കിനെ സന്ദർശിച്ച് ആലോചനകൾ നടത്തുന്നതാണ്.

കമ്മ്യൂണിസ്റ്റ് ഭടന്മാർ നാങ്കിങ്ങിനു് എൺപതുമൈൽതെക്കുപടിഞ്ഞാറു് ഒരു സ്ഥാനത്തു് യാംഗ്സിനദി കടന്നു് നദിയുടെ തെക്കേതീരത്തുള്ള പല നഗരങ്ങളുടേയും നേർക്ക് വെടിവച്ചു. നാങ്കിങ്ങിൽ തന്നെയും ഭയങ്കരമായി വെടി മുഴങ്ങിക്കൊണ്ടിരിക്കുന്നു.

(പി. ററി. ഐ. റോയിട്ടർ)

മി. കൃഷ്ണമൂർത്തി മേയറായി തെരഞ്ഞെടുക്കപ്പെട്ടു

(സ്വ. ലേ) തിരു. മേടം 9

കോർപ്പറേഷൻമേയറുടെ തെരഞ്ഞെടുപ്പ് ഇന്ന് 6 മണിക്ക് മേയർ മി. വരദരാജൻനായരുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട കൗൺസിലർമാർ എല്ലാവരും തന്നെ ഹാജരുണ്ടായിരുന്നു. മെ. ടി. എസ്. കൃഷ്ണമൂർത്തി, ജെ. ഇ. ഫെർണാൻഡസ്, പി. ആർ. പരമേശ്വരൻനായർ, ഇ. പരമേശ്വരൻനായർ, ശ്രീമതി ടി. നാരായണിഅമ്മ എന്നിവരാണ് മേയർ സ്ഥാനത്തേക്ക് സ്ഥാനാർത്ഥികളായി നിന്നിരുന്നതു്. നിയമാനുസരണം വോട്ടെടുപ്പു നടന്നതിൽ അവസാനത്തെ പ്രാവശ്യം മി. കൃഷ്ണമൂർത്തിക്ക് 18 വോട്ടുകളും മി. ഫെർണാണ്ടസിന് 10 വോട്ടുകളും ലഭിക്കുകയാൽ മി. കൃഷ്ണമൂർത്തി മേയറായി തെരഞ്ഞെടുക്കപ്പെട്ടു. ഉടനെതന്നെ അദ്ദേഹത്തെ അദ്ധ്യക്ഷപീഠത്തിലേക്ക് ക്ഷണിച്ച് സ്ഥാനവസ്ത്രം നൽകി ആസനസ്ഥനാക്കി. തുടർന്നു ഏതാനും കൗൺസിലർമെമ്പറന്മാർ പുതിയ മേയറെ അനുമോദിച്ചുകൊണ്ടു പ്രസംഗിച്ചു. പുതിയ മേയറുടെ മറുപടിയിൽ സ്ഥാനം ഒഴിയുന്ന മേയറെ അനുമോദിക്കുകയും കോർപ്പറേഷന്റെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നിടത്തോളം നഗരപാലികളുടെ ആവശ്യങ്ങൾ നിറവേററുന്നതിനു യത്നിക്കുന്നതാണെന്നു ഉറപ്പു നൽകുകയും തന്നെ തെരഞ്ഞെടുക്കുന്നതിൽ നന്ദി പ്രകടിപ്പിക്കുകയും ചെയ്തിരുന്നു.

നെഹ്റു-ആററ്ലി സംഭാഷണങ്ങൾ

(പി. ററി. ഐ. റോയിട്ടർ) ലണ്ടൻ, ഏപ്രിൽ 21

പണ്ഡിതനെഹ്റു ഇന്നുച്ചയ്ക്കുശേഷം മി: ആററ്ലിയുമായി വളരെനേരം സംഭാഷണം നടത്തി. മി. ഡണ്ടഫാററനുപ്രമുഖ സർ സ്റ്റാഫോർഡ്ക്രിപ്സ് എന്നിവരെയും പണ്ഡിതനെഹ്റു സന്ദർശിച്ചു

ബ്രി. യുദ്ധക്കപ്പലുകൾ വീണ്ടും ആക്രമിക്കപ്പെട്ടു

നാങ്കിങ്ങ്, ഏപ്രിൽ 21

യാംഗ്സിനദിയിൽ "ലണ്ടൻ" "ബ്ലാക്ക്മാൻ" എന്നീ ബ്രിട്ടീഷ്യുദ്ധക്കപ്പലുകളുടെ മേൽ ഇന്നു വെടിവെയ്ക്കപ്പെട്ടു. മുന്നോട്ടു പോകാൻ നിവൃത്തിയില്ലാതെ ഇവ രണ്ടു കപ്പലുകൾ യാംഗെയിലേയ്ക്കു് തിരിച്ചുപോന്നു. ഇന്നലെ ആക്രമണവിധേയമായ "അമെതിസ്റ്റ്" എന്ന കപ്പൽ നദിയിൽ നങ്കൂരമിട്ടിരിക്കുകയാണ്. (പി.ററി.ഐ.റോയിട്ടർ)

നിർദ്ദേശ പത്രികകൾ തള്ളി

ഐ.എസ്.പി. കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥികളുടെ

(സ്വ. ലേ)

ആലപ്പുഴ മേടം 9

ചേർത്തല ചന്തിൽ ക്രിസ്ത്യൻ മെമ്പറായിരുന്ന മി. പി. വി. വിൻസൻ രാജിവച്ചൊഴിഞ്ഞ സ്ഥാനത്തേയ്ക്ക് പകരം തെരഞ്ഞെടുപ്പ് നടത്തുന്നതിനായി സമർപ്പിക്കപ്പെടുന്ന നാമനിർദ്ദേശപത്രികകളുടെ പരിശോധന ഇന്ന് വരണാധികാരിയായ ആലപ്പുഴ ഡിവിഷൻ അസിസ്റ്റന്റ് നടത്തിയിരിക്കുന്നു. കൺഗ്രസ്സ് സ്ഥാനാർത്ഥിയായ മി. ജോസഫ് മാത്തൻറെയും സ്വതന്ത്രസ്ഥാനാർത്ഥിയായ മി: ഇ. പി. വറുഗീസിന്റേയും നോമിനേഷൻ പേപ്പറുകൾ സ്വീകരിക്കുകയും ചെയ്തു. തുടർന്നു ഇന്ന് ഉച്ചയ്ക്കു 3 മണിക്കു് നടന്ന പിൻവലിക്കലിൽ മി. കൃഷ്ണമൂർത്തി മേയറായി തെരഞ്ഞെടുക്കപ്പെട്ടു. ഉടനെതന്നെ അദ്ദേഹത്തെ അദ്ധ്യക്ഷപീഠത്തിലേക്ക് ക്ഷണിച്ച് സ്ഥാനവസ്ത്രം നൽകി ആസനസ്ഥനാക്കി. തുടർന്നു ഏതാനും കൗൺസിലർമെമ്പറന്മാർ പുതിയ മേയറെ അനുമോദിച്ചുകൊണ്ടു പ്രസംഗിച്ചു. പുതിയ മേയറുടെ മറുപടിയിൽ സ്ഥാനം ഒഴിയുന്ന മേയറെ അനുമോദിക്കുകയും കോർപ്പറേഷന്റെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നിടത്തോളം നഗരപാലികളുടെ ആവശ്യങ്ങൾ നിറവേററുന്നതിനു യത്നിക്കുന്നതാണെന്നു ഉറപ്പു നൽകുകയും തന്നെ തെരഞ്ഞെടുക്കുന്നതിൽ നന്ദി പ്രകടിപ്പിക്കുകയും ചെയ്തിരുന്നു.

നിരാഹാരവ്രതം തുടരുന്നു

(സ്വ. ലേ) തിരു. മേടം 9

ഇന്നലെ ഗവർണ്മെന്റിൽ നിന്നു പുറപ്പെടുവിച്ച വ്യവസ്ഥകളിൽ തൃപ്തരാകാതെ ജെൻമജിയിലെ ഡഡററിനു തടവുകാർ ഇന്നും നിരാഹാരവ്രതം തുടർന്നു. നാളെമുതൽ രാഷ്ട്രീയതടവുകാരും നിരാഹാരവ്രതം ആരംഭിക്കുന്നതാണ്.

മോസ്കോയിലെ യു. എസ്. പ്രതിപുരുഷൻ

വാഷിംഗ്ടൺ, ഏപ്രിൽ 20

ഇപ്പോൾ ബൽജിയത്തിലേയ്ക്കു് എത്തി. അംബാസ്സിഡറായ അഡ്മിറൽ കിർക്കിനെജനറൽ ബേഡൽ സ്മിത്തിനു പകരം മോസ്കോയിലെ അംബാസിഡറായി നിയമിച്ചിരിക്കുന്നു.

ഡോ. പട്ടാഭിയുടെ പ്രസ്താവന

മദ്രാസ്, ഏപ്രിൽ 21

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ട് കൊച്ചി തിരുവിതാംകൂർ യൂണിയന്റെ രാജപ്രമുഖസ്ഥാനം വഹിക്കുവാനു വ്യസമ്മതിക്കുന്നതായും കൊച്ചി രാജാവു് ആ സ്ഥാനം സ്വീകരിക്കുന്നതിനോടു് പ്രാതികൂല്യം പ്രകടിപ്പിക്കുന്നതായും പത്രങ്ങളിൽ കാണുന്ന റിപ്പോർട്ടു ശരിയാണെങ്കിൽ കൈകേരളത്തിന്റെ സാംസ്കൃതവളർച്ചയെ വർദ്ധിപ്പിച്ചിട്ടുണ്ടെന്നു് കാൺഗ്രസ് പ്രസിഡണ്ടു് ഡോ. പട്ടാഭിസീതാരാമയ്യാ പത്രപ്രതിനിധികളോടു് പ്രസ്താവിച്ചിരിക്കുന്നു. (എ. പി)

ഡച്ചുപ്രതിനിധിയുടെ നിർദ്ദേശം

ബാററവിയാ ഏ. 21

ഇന്തോനേഷ്യൻ ഡെലിഗേഷൻ ഉടനടി ഹെഗിനിൽക്കൽ നിർദ്ദേശം പുറപ്പെടുവിക്കുകയും ഹേഗിൽ കൂടിയാലോചനകൾ നടത്തുന്നതു സംബന്ധിച്ചു് ഒരു യോജിപ്പിലെത്തുകയും ചെയ്യുന്നപക്ഷം അവരുടെ ഗവണ്മെന്റു് ജോംഗ്ജകർത്തായിൽ സ്ഥാപിക്കുന്നതിൽ വിരോധമില്ലെന്നു് ഡച്ചു ഡെലിഗേഷനുനേതാവായ ഡോ: യാൻഗ്രോയൻ പ്രസ്താവിച്ചിരിക്കുന്നു. ഇതിനു് അടുത്ത ആഴ്ച മറുപടി നൽകാമെന്നു് റിപ്പബ്ലിക്കൻ ഡെലിഗേഷൻ നേതാവു് പറഞ്ഞു.

(പി. ററി ഐ. റോയിട്ടർ)

കാമൺവെൽത്തു് ബന്ധം വിടണം

ഫോർവേഡ്ബ്ലോക്ക് കൺഫ്രൻസ് വിളിച്ചുകൂട്ടുന്നു

നാഗപൂർ, ഏപ്രിൽ 20

ഇന്ത്യ കാമൺവെൽത്തു് ബന്ധം ഉപേക്ഷിക്കണമെന്നു ഇനിയെങ്കിലുമുണ്ടാകുന്നപക്ഷം നിഷ്പക്ഷനില അവലംബിക്കുന്നതുകൂടാതെ വിദേശരാജ്യത്തെ സംബന്ധിച്ചു് നിഷ്പക്ഷതയായ ഒരു നില സ്വീകരിക്കുന്നതെന്നും മററും നിശ്ചയിക്കുവാനായി ഫോർവേഡ്ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ വമ്പിച്ചപക്ഷം കക്ഷികളുടെ ഒരു കൺഫറൻസ് വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചിരിക്കുന്നു.

വിദ്യാർത്ഥികൾക്കു പരുക്കേററു

ന്യൂഡെൽഹി, ഏപ്രിൽ 21

ഡൽഹിസർവ്വകലാശാലയുടെ വൈസ്ചാൻസലരുടെ ഓഫീസിനു് മുമ്പിൽ പ്രകടനം നടത്തിയ വിദ്യാർത്ഥികളുടെ മേൽ പോലീസ് ലാത്തിചാർജ്ജു നടത്തുകയാൽ ഏഴു വിദ്യാർത്ഥിനികൾ ഉൾപ്പെടെ പതിനേഴുപേർക്കു പരുക്കേററു. വർദ്ധിക്കുപരിക്ഷ മാററിവയ്ക്കണമെന്നതായിരുന്നു വിദ്യാർത്ഥികളുടെ വാദം. നൂറോളം വിദ്യാർത്ഥികളെ പോലീസ് അറസ്റ്റുചെയ്തു.

വിപ്ലവ കക്ഷികൾ ഒന്നിക്കുന്നു

റംഗൂൺ, ഏപ്രിൽ 21

ബർമ്മയിലെ മൂന്നു വിപ്ലവസംഘടനകൾ സംയുക്തപ്രവർത്തനത്തിനുള്ള സാദ്ധ്യതകളെക്കുറിച്ചാലോചിക്കാൻ ഇന്നലെ യോഗത്തിൽ സമ്മേളിച്ചു. ഗവണ്മെന്റിനെതിരായി പ്രവർത്തനങ്ങൾ നടത്തുന്ന ബർമ്മയിൽ ഒരു സംയുക്ത ഫ്രെഡ്ക്വാർട്ടേഴ്സ് സ്ഥാപിച്ചിട്ടുതായും റിപ്പോർട്ടു ചെയ്യപ്പെടുന്നു.

(പി ററി ഐ റോയിട്ടർ)

വിദ്യാർത്ഥികൾ കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായ മി. ദേവസ്യയുടേയും ഐ. എസ്. പി. സ്ഥാനാർത്ഥിയായ മി: വിൻസന്റെയ്യ നിർദ്ദേശ പത്രികകൾ നിരസിക്കുകയും ചെയ്തു. തെരഞ്ഞെടുപ്പ് ഇടവ 5—൦൦൯ ആണ് നടക്കേണ്ടതു്.

കിൽ, പ്രധാനമന്ത്രി, മന്ത്രിസഭയെക്കൊണ്ടും ഡി. സി. ജി. യെക്കൊണ്ടും സംയോജനം അസ്വീകാര്യമാണെന്നു് പാസ്സാക്കിച്ചതെന്തിനു്? ശ്രീ. വി. പി. മേനവന്റെ പിറകേ കൊച്ചി–തിരുവിതാംകൂറുകാരായി ഓടിനടന്നതും ഡൽഹിക്കു് വാനരസംഘവുമായി പോയതുമെന്തിനു്? "സംയോജനം തീരുമാനിച്ചു വിശദാംശങ്ങൾക്കായി കമ്മിററിയെ നിയമിച്ചിരിക്കുന്നു"—എന്നു് സർദ്ദാറിന്റെ ഒരു കമ്യൂണിക്കേകൊണ്ടു് കാര്യം കഴിയുമായിരുന്നല്ലോ. മന്ത്രിമാരും ശേഖരകരും ഉത്തരവാദിത്വമില്ലാത്ത സംയോജനകാര്യത്തിൽ ഈ രണ്ടു രാജ്യങ്ങളിലും ഏതിർപ്പുകളും ഒച്ചപ്പാടുകളും ഇല്ലാതെ കഴിച്ചുകൂട്ടാമായിരുന്നല്ലോ.

അടേ, ഈ അയ്യപ്പൻമേൽക്കോയ്മ നാട്ടുരാജ്യവകുപ്പിനു് എത്തിനെ, എപ്പോൾ സ്വന്തമിച്ചു ഇയ്യടുത്തകിട്ടിച്ചതാണോ, ഉടനെ ഇതിനെ തെരഞ്ഞെടുത്തതാണോ? സാധാരണക്കാരുടേയും പട്ടിണിപ്പാവങ്ങളുടേയും രക്ഷിതാവായി, ജനകീയസിദ്ധാന്തത്തിന്റെ വേദിയായി, പരിലസിക്കുന്ന പ്രധാനമന്ത്രി ശ്രീ. പററ്യർ ടി. കെ. ഈ അയ്യപ്പൻമേൽക്കോയ്മയുടെ ഉൽഭവവും വളർച്ചയും ഉൾപ്പിരിവുകളും പറഞ്ഞു മനസ്സിലാക്കി തരണം കൊള്ളും.

തോന്ന്യാസ നടപടികൾ

ചില വ്യക്തികളെയും ഗ്രൂപ്പുകളെയും തൃപ്തിപ്പെടുത്തി വല്ല വിധേനയും പററിപ്പിടിച്ചു് കഴിഞ്ഞുകൂടാനാഗ്രഹിക്കുന്ന മന്ത്രിസഭയുടെ അനാശാസ്യപ്രവർത്തനങ്ങളെ ശ്രീ. പട്ടം ഓരോന്നായി ചൂണ്ടിക്കാണിക്കുന്നു—പ്രധാന മന്ത്രിയായിരുന്നപ്പോൾ ശ്രീ. പട്ടം ഐക്യകേരളത്തിനെതിരായി 600 വാക്കുകളുള്ള കമ്പിയടിച്ചെന്നുപറഞ്ഞു് ഒപ്പുശേഖരിച്ചവർ ഇപ്പോൾ പറയുന്നു അന്നദ്ദേഹം ഐക്യകേരളത്തിന്നനുകൂലിയായിരുന്നെന്നും പ്ര. മന്ത്രിപദം നഷ്ടപ്പെട്ടതുകൊണ്ടു് ഇന്നു് പ്രതികൂലിയായിരിക്കുകയാണെന്നും— ശ്രീ. പട്ടത്തിൻെറ നെഹ്റു-പട്ടേൽ സന്ദർശന വിവരങ്ങൾ—ഇവിടത്തെ രാഷ്ട്രീയ ജീവിതം ശുദ്ധവും പാവനവുമാക്കുന്നതിലേയ്ക്കു് കോൺഗ്രസ്സിനകത്തു നിന്നായാലും അല്ലെങ്കിലും അദ്ദേഹം സജീവപ്രവർത്തനം നടത്തുമെന്നു്—അവരുടെ അച്ചടക്ക നടപടിയെപ്പററി അദ്ദേഹത്തിനു് ഭയവുമില്ല—നീതിന്യായശക്തികൾ സംഘടിക്കേണ്ടതാവശ്യം

തിരുവനന്തപുരം, മേടം 8

ഇന്നു രാവിലെ 11 മണിക്കു ശ്രീ: പട്ടം താണുപിള്ളയുമായി ഞാൻ ദീർഘനേരം സംഭാഷണം നടത്തി. അദ്ദേഹം സംസ്ഥാനത്തെ വിവിധ മലയാള ദിനപ്പത്രങ്ങൾ വായിച്ചുകൊണ്ടിരിക്കയായിരുന്നു ഞാൻ അഭിവാദ്യം ചെയ്തുകൊണ്ടു കയറിച്ചെന്നതു്. ഒരു പ്രസ് സംഭാഷണം നടത്തുന്ന യാതൊരു ഭാവവുമില്ലാതെ അദ്ദേഹം എല്ലാകാര്യങ്ങളും ദീർഘമായി ചർച്ചചെയ്തു.

ചോ— അങ്ങുമായി നടന്ന അഭിമുഖസംഭാഷണം ചില പത്രങ്ങളിൽ തെററായി റിപ്പോർട്ടു ചെയ്തിരുന്നു എന്നു പറഞ്ഞു കേട്ടു. എന്തായിരുന്നു തെററു്.

അന്നും ഇന്നും

പട്ടം— ഏതു പത്രത്തിലായിരുന്നു എന്നു ഞാൻ ഓർക്കുന്നില്ല. ഞാൻ ഐക്യകേരളത്തിന്നെതിരല്ല എന്നു ഒരു പത്രത്തിൽ ഞാൻ പറഞ്ഞതായി റിപ്പോർട്ടു ചെയ്തുകണ്ടു. അതു് ശരികേടാണു്. ഞാൻ പറഞ്ഞതു് ഡൽഹിയിൽ നടക്കുന്ന ഒരു പ്രചരണത്തെപ്പററിയായിരുന്നു. ഐക്യകേരളത്തിനെതിരായി 600 വാക്കുകളടങ്ങിയ ഒരു കമ്പിസന്ദേശമയച്ചതാണു് എൻെറ പേരിലുള്ള ഒരു പ്രധാന ആരോപണം. പക്ഷെ, ഇപ്പോൾ ഡൽഹിയിൽ നടക്കുന്ന പ്രചരണം ഞാൻ പ്രധാനമന്ത്രിപദം നഷ്ടപ്പെട്ടപ്പോൾ ഐക്യകേരളത്തിനെതിരായി വാദിക്കുന്നു എന്നും, മന്ത്രിയായിരുന്നപ്പോൾ ഐക്യകേരളത്തിനു അനുകൂലിയായിരുന്നു എന്നുമാണു്.

ചോ— സർദാർ പട്ടേലുമായി അങ്ങു സന്ദർശനം നടത്തിയപ്പോൾ കൊച്ചി-തിരുവിതാംകൂർ സംയോജനകാര്യത്തെപ്പററി ചർച്ചചെയ്തോ?

ശ്രീ.ടി.കെ. പറഞ്ഞതു്

പട്ടം—ഞാൻ കണ്ടവിവരം അറിവില്ലെന്നാണു് ഇവിടത്തെ പ്രധാനമന്ത്രി പറയുന്നതു്: അദ്ദേഹം അറിയാത്ത പലതും ഡൽഹിയിൽ നടക്കുന്നുണ്ടു്. സർദാർ എന്നോടു പറഞ്ഞതു് ഉഭയരാജ്യങ്ങളിലേയും മന്ത്രിമാർ സംയോജനം ആവശ്യപ്പെടുന്നെന്നും, അക്കാര്യത്തിൽ നിയമസഭയിലുണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ അവർ നേരിടാൻ തയ്യാറായിരിക്കുന്നു എന്നുമാണു്. ജനഹിതമറിഞ്ഞു മന്ത്രിമാർ ഇക്കാര്യത്തെപ്പററി ഒരു നില സ്വീകരിച്ചിരുന്നെങ്കിൽ അതു രാജ്യത്തിനു പ്രയോജനകരമായിരുന്നേനെ. ഞാൻ രണ്ടുപ്രാവശ്യം പട്ടേലിനെ കണ്ടു. ആദ്യം കണ്ടതു വി.പി. മേനോൻെറ സന്ദർശനത്തിനു മുമ്പാണു്. എല്ലാകാര്യങ്ങളും തിരുവനന്തപുരത്തുവന്നു ശ്രീ: വി. പി. മേനോനുമായി ചർച്ചചെയ്യണമെന്നു സർദാർ പറഞ്ഞു. വി. പി. മേനോനും എന്നെ ഇങ്ങോട്ടു ക്ഷണിച്ചു. അതനുസരിച്ചാണു് ഞാൻ വന്നതു്.

ചോ— വി. പി മേനവനോടു സംയോജനത്തെപ്പററി അങ്ങു എന്താണു് പറഞ്ഞതു്?

മി. മേനോനോടു പറഞ്ഞതു്

പട്ടം—സംയോജനം ആവശ്യമില്ലാത്തതാണെന്നും, ഞാൻ അതിനു എതിരാണെന്നും മി. മേനവനെ ധരിപ്പിച്ചു. ഈ സംയോജനം ഒരു അവസാന നടപടിയാണെങ്കിൽ സ്വീകാര്യമായിരുന്നു. പക്ഷെ കാര്യം അങ്ങനെയല്ല. ഇപ്പോൾ രൂപീകൃതമായിരിക്കുന്ന നാട്ടുരാജ്യയൂണിയനുകൾതന്നെ തകർന്നുകൊണ്ടിരിക്കയാണു്. പാട്യാലയൂണിയൻ, കിഴക്കേപഞ്ചാബു് യൂണിയൻ, രാജസ്ഥാൻ, സൗരാഷ്ട്രയൂണിയൻ ഇവ മാത്രമാണു് ഇപ്പോൾ നിലവിലുള്ളതു്. ഇതിൽ സൗരാഷ്ട്ര വളരെവേഗം ബോംബെ പ്രവിശ്യയിൽ ലയിക്കുന്ന ലക്ഷണമുണ്ടു്. രാജസ്ഥാൻ യൂണിയൻ അതിൻെറ രൂപംകൊണ്ടു ഒരു പ്രവിശ്യയായി രൂപഭേദപ്പെട്ടേക്കാം. മററു യൂണിയനുകളുടെ ഭാവിയും കണ്ടറിയേണ്ടതാണു്. ഇതു ആരുടെയും കുററമല്ല. അത്ര ധൃതവേഗത്തിലാണു് രാഷ്ട്രീയകാര്യങ്ങൾ രൂപഭേദപ്പെട്ടുകൊണ്ടിരിക്കുന്നതു്. ആ നിലയിൽ ഒരു കൊച്ചി-തിരുവിതാംകൂർ യൂണിയനും അവസാനരൂപമാകാൻ നിവൃത്തിയില്ല. ഞാൻ മേനവനോടു രണ്ടു കാര്യങ്ങൾ പറഞ്ഞു. ഒന്നുകിൽ ഈ സംസ്ഥാനങ്ങളോടു മലബാർ കൂടിചേർത്തു ഇതു ഒരു കേരളപ്രവിശ്യയാക്കണം. ഇല്ലെങ്കിൽ രണ്ടു സംസ്ഥാനങ്ങളും മദ്രാസിൽ ലയിപ്പിക്കണം. ഇതു രണ്ടും സാദ്ധ്യമല്ലെങ്കിൽ ഇന്നത്തെ രാഷ്ട്രീയരൂപം തുടരുകയാണു് ഭേദമെന്നു ഞാൻ അഭിപ്രായപ്പെട്ടു. അതിനുള്ള കാരണങ്ങളും ഞാൻ പറഞ്ഞു. ഈ സംയോജനത്തെത്തുടർന്നു രണ്ടു നാട്ടുരാജ്യങ്ങളുടെയും നിയമങ്ങളിലും, രൂപത്തിലും ഐകരൂപ്യം വരുത്തുക ഒരു വലിയ ജോലിയാണു്. അതു കഴിഞ്ഞു ഏതു ദിവസത്തിനകമാണു് വീണ്ടും രൂപഭേദപ്പെടേണ്ടിവരുന്നതെന്നും നിശ്ചയമില്ല. ആ നിലയിൽ ഇപ്പോഴത്തെ ഭരണപരമായ നിലയിൽ മാററങ്ങളുണ്ടാകുന്നതുകൊണ്ടു ഉപദ്രവമല്ലാതെ യാതൊരു പ്രയോജനവുമില്ല. ഈ രണ്ടു നാട്ടുരാജ്യങ്ങളിലും അനേകവർഷക്കാലമായി രൂപം പ്രാപിച്ചുവന്നിട്ടുള്ള പരിഷ്കൃതമായ ഭരണരീതി നിലവിലിരിക്കുന്നു എന്ന വസ്തുതയും ഞാൻ ചൂണ്ടിക്കാണിച്ചു. ഭരണപരമായ വ്യതിയാനത്തിനു അത്യാവശ്യമായ സാഹചര്യങ്ങളുണ്ടായിട്ടില്ല ഇക്കാര്യം പറഞ്ഞപ്പോൾ മി. മേനോൻ പറഞ്ഞു അദ്ദേഹത്തിനു നാട്ടുരാജ്യങ്ങളുടെ കാര്യം മാത്രമേ ശ്രദ്ധിക്കേണ്ട ആവശ്യമുള്ളു എന്നും അതുകൊണ്ടു മററുകാര്യങ്ങളിലേയ്ക്കു കടക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ലെന്നുമാണു്.

ലയനം

ചോ—മദ്രാസ് പ്രവിശ്യയിൽ ലയിക്കുന്നതുകൊണ്ടു് എന്തു പ്രയോജനമാണുള്ളതു്?

പട്ടം—തീർച്ചയായും പ്രയോജനമുണ്ടു്. ഇവിടത്തെ നിയമങ്ങളും ഗവമ്മെൻറിൻെറ പരിപാടികളും പദ്ധതികളും മദ്രാസ്ഗവമ്മെൻറിൻെറ പദ്ധതികളുമായി ഐകരൂപ്യമുണ്ടാകും. ഒരു കേരളപ്രവിശ്യ രൂപീകരിക്കേണ്ടതായി വന്നാൽതന്നെ അന്നു ഒരു അതിർത്തി നിർണ്ണയംകൊണ്ടുമാത്രം കാര്യങ്ങൾ ശരിപ്പെട്ടതാവുന്നതാണു്. ഇന്നത്തെ യൂണിയൻകൊണ്ടു അങ്ങനെ യാതൊരു പ്രയോജനവുമില്ല.

ചോ—തമിഴ്നാട്ടുപ്രശ്നത്തെപ്പററി സർദാർ പട്ടേലുമായി സംസാരിച്ചോ?

പട്ടം—സംസാരിച്ചു് ഒരു തിരുവിതാംകൂറുകാരനെന്നനിലയിൽ തിരുവിതാംകൂറിൻെറ മൂലകളുംചേരമായ നാലു താലൂക്കുകൾ തിരുവിതാംകൂറിൽനിന്നും പിരിഞ്ഞുപോകുന്നതു് ഹൃദയവേദനയോടുകൂടി മാത്രമേ വീക്ഷിക്കാൻ നിവൃത്തിയുള്ളു എന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു: നമ്മുടെ നെല്ലുവിളയുന്ന ഭൂമിയും, ഉപ്പളങ്ങളും, ലോഹമണ്ണും എല്ലാം തെക്കൻ തിരുവിതാംകൂറിലാണു്. പക്ഷെ ഭാഷാപരപ്രവിശ്യകൾ രൂപീകൃതമാകുമ്പോൾ തമിഴർ തമിഴ്നാട്ടിൽ ചേരണമെന്നുവാദിച്ചാൽ ബോധപൂർവ്വം അതു എതിർക്കാൻ സാദ്ധ്യമല്ലെന്നും ഞാൻ അദ്ദേഹത്തെ അറിയിച്ചു.

ചോ—തമിഴ്നാട്ടിൽ ചേർന്നാൽ നമ്മുടെ നിലയിൽ തമിഴ്പ്രദേശങ്ങൾ എത്തുന്നതുവരെ നമ്മുടെ പുരോഗതി ഉറഞ്ഞുപോകയില്ലേ?

പട്ടം—ഒന്നായി നിന്നു വാദിക്കാമെങ്കിൽ അങ്ങനെയാകുന്നമെന്നില്ല. മലബാർ പിന്നോക്കമായതു അവർ ശക്തിപൂർവം വാദിക്കാതിരുന്നതുകൊണ്ടാണു്. പക്ഷെ ഇപ്പോഴത്തെ മലമ്പുഴസ്കീമിനു മദ്രാസ് ഗവമ്മെൻറു 4 കോടിരൂപയോളം ചിലവാക്കുന്നുണ്ടു്. മദ്രാസ് പ്രവിശ്യയിൽ നില്ക്കുന്നതുകൊണ്ടല്ലേ അവർക്കു ഇങ്ങനെ ഒരു പദ്ധതിയെപ്പററി ആലോചിക്കാൻ കഴിഞ്ഞതു്.

ചോ—ഭാഷാപരപ്രവിശ്യാവാദത്തെപ്പററി അങ്ങയുടെ അഭിപ്രായമെന്താണു്?

ഭാഷാപ്രവിശ്യ

പട്ടം—ആ വാദം പ്രാദേശികവും സങ്കുചിതവുമായ ചിന്താഗതിക്കു വിത്തുപാകി അവസാനം ഇന്ത്യാഗവമ്മെൻറിൻെറ കേന്ദ്രശക്തിക്കു ഒരു ബലക്ഷയമായിത്തീരും. ഇന്നു ചെറു ഭരണപരമായ സൗകര്യത്തിനുവേണ്ടി നടത്തുന്ന വാദം നാളെ ഭാഷയുടെ അടിസ്ഥാനത്തിലുള്ള സങ്കുചിത ഭിത്തികൾക്കു കുത്തുവല്ലാത്ത കലാപങ്ങൾക്കു വിത്തുപാകും. മാൽസര്യം നിറഞ്ഞ രംഗത്തുള്ള ഭാഷാപ്രവിശ്യാവാദം ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുണ്ടാക്കഴിയുമ്പോൾ സംസ്ഥാനങ്ങളുടെ പരസ്പര മാൽസര്യമായിത്തീരാതിരിക്കയില്ല എന്നു തീർച്ചപറയാനും വിഷമമാണു്. എല്ലാ ഭാഷാപ്രവിശ്യകളും സാമ്പത്തികമായി ഭദ്രതയുള്ള ഘടകങ്ങളായിരിക്കണമെന്നുമില്ല കേരളം തന്നെ ജനപ്പെരുപ്പമുള്ള ഒരു പ്രദേശമാണു്. മലബാറിൽ വിജനമായ മലംപ്രദേശങ്ങളുണ്ടെങ്കിലും അവിടെയും ഇവിടത്തെക്കാൾ ജനബാഹുല്യം മൊത്തത്തിലുണ്ടെന്നു കാണാവുന്നതാണു്. ഈ ആളുകൾക്കെല്ലാം വികസിക്കാൻ കേരളത്തിൽ സ്ഥലമില്ല. ഐക്യകാര്യത്തിൽ നാം സ്വയംപര്യാപ്തരല്ല് എല്ലാവർക്കും കിടക്കാൻ സ്ഥലംപോലും കാണുകയില്ല. ആ നിലയിൽ നാം വികാസനശിച്ചു മുരടിച്ചുപോകയില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. തമിഴരും മലയാളികളുമായി അത്ര വളരെ അന്തരമോ വ്യത്യാസമോ ഉണ്ടെന്നും എനിക്കു തോന്നുന്നില്ല. ഓരോ പ്രവിശ്യയിലും അവിടത്തെ ഭാഷയിൽ ഉന്നതയൂണിവേഴ്സിററി വിദ്യാഭ്യാസം നൽകണമെന്ന വാദത്തെയും ഞാൻ ശക്തിയായി എതിർക്കുന്നു. ഇന്ത്യൻ യൂണിവേഴ്സിററികൾക്കു ഒരു പൊതുഭാഷയുണ്ടായിരിക്കണം. അതു ഇംഗ്ലീഷുതന്നെയാകുന്നതിൽ എനിക്കു വിരോധമില്ല.

ചോ—അങ്ങു് പണ്ഡിററു് നെഹ്റുവിനെകണ്ടോ?

മത്തായിതന്ത്രം

പട്ടം—കണ്ടു. ഒരു സന്ദർശനസമയം നിശ്ചയിക്കുവാനു ഞാൻ മി. മത്തായിയോടു പറഞ്ഞു. ഏഴെട്ടുദിവസം സമയം നിശ്ചയിക്കാതെയിരുന്നപ്പോൾ നിർബന്ധമായി ഒരു സമയം നിശ്ചയിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടു. ഒരു ദിവസം രാവിലെ 9 മണി എന്നു നിശ്ചയിച്ചു: അദ്ദേഹത്തിൻെറ വീട്ടിൽ ചെന്നപ്പോൾ ധൃതിയിൽ ആഫീസിൽപോകാനു ഒരുങ്ങുകയായിരുന്നു. മി. മത്തായി അവിടെ ഉണ്ടായിരുന്നില്ല. ഒരു ലേഡീസെക്രട്ടറി മി. ഉപാദ്ധ്യായയെ വിളിച്ചുകൊണ്ടുവന്നു. അദ്ദേഹം ഇത്ര അസൗകര്യമായ ഒരു സമയം നിശ്ചയിച്ചതിൽ ഖേദം പ്രകടിപ്പിച്ചു. എന്നോടു അവിടെ ഇരിക്കാനു പണ്ഡിററുനെഹ്റു ആവശ്യപ്പെട്ടിരിക്കുന്നു എന്നറിയിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ പണ്ഡിററുനെഹ്റു ഇറങ്ങിവന്നു. ഞങ്ങൾ ഒന്നിച്ചു അദ്ദേഹത്തിൻെറ കാറിൽ അദ്ദേഹത്തിൻെറ ആഫീസിലേയ്ക്കു പോയി. അവിടെയിരുന്നു പല കാര്യങ്ങളെപ്പററിയും സുദീർഘമായി സംസാരിക്കുകയുണ്ടായി.

ചോ-ഇപ്പോൾ എന്താണു് കോൺഗ്രസ്സു പ്രവർത്തനങ്ങളിലെന്നും കാണാത്തതു്?

പട്ടം—പ്രവർത്തനത്തിനു കോൺഗ്രസ്സിനകത്തു ചില ശുദ്ധീകരണങ്ങളൊക്കെ ആവശ്യമാണു്. ഇവിടത്തെ കോൺഗ്രസ്സുകാര്യങ്ങൾ ശരിപ്പെടുത്താൻ കേന്ദ്രകോൺഗ്രസ്സു സംഘടനയ്ക്കു ഇടപെടാവുന്നതാണു്, ഒരു ദുർബലനായ അംഗമെന്ന നിലയിൽ യാതൊരു പ്രേരണാശക്തിയുമില്ലാതെ കോൺഗ്രസ്സിനകത്തു കഴിഞ്ഞുകൂടുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. നമ്മുടെ രാഷ്ട്രീയ ജീവിതം വളരെ ദുഷിച്ചിട്ടുണ്ടു്. രാഷ്ട്രീയജീവിതം ശുദ്ധവും പാവനവുമാക്കേണ്ടിയിരിക്കുന്നു. കോൺഗ്രസ്സിനകത്തു നിന്നായാലും ഇല്ലെങ്കിലും ഞാൻ ഈ പ്രവർത്തനത്തിൽ സജീവമായി വ്യാപൃതനാകുന്നതാണു്.

ചോ—ഇന്നത്തെ മന്ത്രിസഭയെപ്പററി അങ്ങയുടെ അഭിപ്രായമെന്താണു്?

ഇന്നത്തെ മന്ത്രിസഭ

പട്ടം—മന്ത്രിസഭയുടെ പ്രവർത്തനങ്ങൾ എല്ലാം സ്വീകാര്യമോ ആശാസ്യമോ അല്ല. പ്രേരണാശക്തിയുള്ള വ്യക്തികളേയും ഗ്രൂപ്പുകളെയും തൃപ്തിപ്പെടുത്തി വല്ലവിധേനയും പററിപ്പിടിച്ചു കഴിഞ്ഞുകൂടനാണു് ഇന്നത്തെ മന്ത്രിസഭ ആഗ്രഹിക്കുന്നതു്. ഈ നടപടികളൊന്നും സാമാന്യജനങ്ങളുടെ താല്പര്യത്തെകരുതിയല്ല. യൂണിവേഴ്സിററികാര്യത്തിൽ മന്ത്രിസഭ നടത്തിയ ക്രമവിരുദ്ധമായ [illegible], വനഭൂമി യാതൊരു നിയന്ത്രണവുമില്ലാതെ പതിച്ചുകൊടുത്തു പ്രയോജനമില്ലാതെ നമ്മുടെ സമ്പത്തു നശിപ്പിക്കുന്നതിൽ കാണിക്കുന്ന വ്യഗ്രത, ഒററിക്കാരനു ഒററിപോലും ഒഴിപ്പിക്കാൻ പാടില്ല എന്നു നിയന്ത്രിക്കുന്ന ബില്ല്, അടിക്കടി മാറിയും മറിഞ്ഞും ചില വ്യക്തികൾക്കുവേണ്ടി പുറപ്പെടുവിക്കുന്ന ബസ്സു് പെർമിററിനെപ്പററിയുള്ള പ്രസ്സുനോട്ടുകൾ, ഉദ്യോഗങ്ങൾ പുതുതായി സൃഷ്ടിക്കുക; പുതിയ നിയമനങ്ങൾ നടത്തുക, ചില ഉദ്യോഗങ്ങൾ നിറുത്തുക, വലിയ ഉദ്യോഗസ്ഥന്മാർക്കു് കണ്ടമാനം അലവൻസുകൊടുക്കുക, തൊട്ടതിനും പിടിച്ചതിനുമെല്ലാം കമ്മററികളുണ്ടാക്കി ധനം ദുർവ്യയം ചെയ്യുക തുടങ്ങി പല കാര്യങ്ങളും ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്നതാണു്. ഒരു തത്വമൊത്ത അടിസ്ഥാനമാക്കിയല്ല ഇന്നത്തെ ഗവമ്മെൻറു ഭരണം നടത്തുന്നതു്. ജനായത്തഭരണത്തിൻെറ പേരിൽ ഈ നില തുടരാൻ അനുവദിച്ചുകൂടാത്തതാണു്. സംയോജനം സംബന്ധിച്ച ഹൈക്കോടതി മാററുവാനും ഈ മന്ത്രിമാർ സമ്മതിച്ചിട്ടുണ്ടു്. ഇതിനു യാതൊരു ന്യായവും ഞാൻ കാണുന്നില്ല. സംയോജനം ഏകീകരണമല്ലെന്നും, ഏച്ചുകെട്ടാണെന്നുമുള്ളതിനു വേറെ തെളിവും ആവശ്യമില്ല. തിരുവിതാംകൂർ ഹൈക്കോടതിയിൽ 1000 കേസുള്ളപ്പോൾ കൊച്ചിയിൽ 200 കേസ്സുപോലുമില്ല. അതിനനുസരണമാണു് വക്കീലന്മാരുടെയും ഗുമസ്തന്മാരുടെയും എണ്ണം. ഇവർക്കെല്ലാം കൊച്ചിയിൽ തന്മസൗകര്യമുണ്ടോ എന്നകാര്യവും സംശയാസ്പദമാണു്.

ചോ— കോൺഗ്രസ്സ്പാർട്ടി അങ്ങയുടെപേരിൽ അച്ചടക്കനടപടിയെടുക്കാൻ പോകുന്നതായി കേട്ടല്ലോ?

അച്ചടക്ക നടപടി

പട്ടം—അതെ, അച്ചടക്കനടപടിയെടുക്കാതിരിക്കാൻ കാരണം കാണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് എനിക്കു ഒരു കത്തുകിട്ടിയിട്ടുണ്ടു്. അതിനു മറുപടി അയയ്ക്കണമെന്നു എനിക്കു തോന്നിയില്ല. അതുകൊണ്ടു് മറുപടി അയച്ചിട്ടുമില്ല അവർ എന്തുനടപടി വേണമെങ്കിലും എടുത്തുകൊള്ളട്ടെ. എനിക്കതിൽ ഭയമില്ല.

ഞാൻ മി. പട്ടവുമായി ലഞ്ചു കഴിച്ചു. അദ്ദേഹം പലകാര്യങ്ങളെപ്പററിയും ഉല്ലാസപൂർവം സംഭാഷണം നടത്തിക്കൊണ്ടിരുന്നു. 2. 30-നു ഞാൻ യാത്ര ചോദിച്ചപ്പോൾ അദ്ദേഹം കൈകൂപ്പിക്കൊണ്ടു ഇങ്ങനെ പറഞ്ഞു: "നമ്മുടെ രാഷ്ട്രീയ ജീവിതം ശുദ്ധവും പാവനവുമാക്കണമെന്നു എനിക്കാഗ്രഹമുണ്ടു്. അതാണു പ്രധാനം. അതിനായി ഞാൻ പരിശ്രമിക്കും. മറെറല്ലാം എന്നെ സംബന്ധിച്ചിടത്തോളം കേവലം അപ്രധാനങ്ങളാണു്."

(കേ: കൌമുദി)

പുതിയ ഉദ്യോഗങ്ങൾ

350-450 രൂപാ ശമ്പളത്തിൽ സെയിൽസ് ടാക്സ് ഡെ. കമ്മീഷണർ— 100 മുതൽ 125, 80 മുതൽ 100, 45 — 75 എന്നീ ഗ്രേഡുകളിൽ 75 പേർ

(പ്ര—ലേ)

തിരുവനന്തപുരം, മേടം 9

സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറിലെ സ്റ്റാഫ് നിയമനം സംബന്ധിച്ച നടപടികൾ ആരംഭിച്ചിരിക്കുന്നു. എക്സൈസ് കമ്മീഷണരുടെ പേഴ്സനൽ അസിസ്റ്റൻറായിരിക്കുന്ന മി: പി: കെ. വേലായുധനെ സെയിൽസ് ടാക്സ് ഡപ്യൂട്ടികമ്മീഷണറായി 350-450 രൂപാ ശമ്പളസ്കെയിലിൽ നിയമിച്ചിരിക്കുന്നു. അദ്ദേഹം ഉടനെതന്നെ പുതിയ ഉദ്യോഗത്തിൽ ചാർജെടുക്കുന്നതാണു്.... ഇപ്പോൾ പരിശീലനം പൂർത്തിയാക്കി തിരിച്ചെത്തിയിട്ടുള്ള വിൽപ്പനനികുതി ആഫീസറന്മാരെയും വിവിധസ്ഥലങ്ങളിലേക്കു് പോസ്റ്റുചെയ്യുക, അവരുടെ അസിസ്റ്റൻറന്മാർ, ആഫീസ് സ്റ്റാഫ് മുതലായവരെ നിയമിക്കുക എന്നീ ജോലികൾ ഉടനെ നടക്കുന്നതായിരിക്കും. ഈ ഡിപ്പാർട്ടുമെൻറിലേക്കു് അസിസ്റ്റൻറു ആഫീസറന്മാർ, ക്ലാർക്കന്മാർ അടിയായവരുൾപ്പെടെ 75 പേരെ ആകെ നിയമിക്കുന്നതാണു്. 100-125, 80-100, 45-75 രൂപ എന്നീ മൂന്നു ഗ്രേഡുകളിലായിട്ടായിരിക്കും ഇത്രയുംപേരെ നിയമിക്കുന്നതു്. ഇപ്പോൾ വിവിധ ഡിപ്പാർട്ടുമെൻറുകളിൽ സർവീസിലിരിക്കുന്നവരിൽ നിന്നു് നിയമനം നടത്തുന്നതിനാണു് തീരുമാനിച്ചിരിക്കുന്നതു്. ഈ ഡിപ്പാർട്ടുമെൻറിൽ പ്രവേശിക്കണമെന്നു ആഗ്രഹിക്കുന്നവർ അതിലേയ്ക്കു് വേണ്ട അപേക്ഷകൾ അയക്കുവാൻ എല്ലാം ഡിപ്പാർട്ടുമെൻറുകളിലേക്കും നിർദ്ദേശം അയച്ചിട്ടുണ്ടു്.

മരവും മനുഷ്യരും ഇടിവെട്ടേററു് നശിച്ചു

ഇടിവെട്ടിൽനിന്നു് പുന്നച്ചുവട്ടിൽ അഭയം പ്രാപിച്ചതിൽ രണ്ടുപേരുടെ ദുർവിധി

(സ്വ—ലേ)

അരുമന; മേടം 6

ഇന്നലെ വൈകുന്നേരം 3 മണിമുതൽ 5 മണിവരെ ഭയങ്കരമായ മഴ പെയ്തുകൊണ്ടിരുന്നു. അരുമന, കളിയൽ, ഇടക്കോട്ടു, ഉദയക്കോട്ടു് എന്നീപകുതികളിൽ വിത കഴിഞ്ഞ നിലങ്ങളെല്ലാം വെള്ളംകെട്ടി വിത്തുകൾ നശിച്ചു. ഉദ്ദേശം 500 പറ വിത്തോളം ഈ ഇനത്തിൽ കർഷകർക്കു നഷ്ടമായിട്ടുണ്ടു്. വരമ്പുകളും മററും ഉടഞ്ഞും നിലങ്ങളിൽ മണൽ കയറിയും മററുവിധത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടു്.

ഭയങ്കരമായ മൂന്നുനാലു ഇടിവെട്ടി. തൃപ്പരപ്പു പനങ്കാലയത്തിൽനിന്നു വെട്ടിയിട്ടുള്ള തോട്ടിൽ അരുമന പടപ്പച്ചൽ പാലത്തിനരികെ 8 പേർ ഒരു പുന്നയുടെ ചുവട്ടിൽ ഒതുങ്ങി നിന്നു. ഒരിടിവെട്ടേററു് ആ വലിയ പുന്നമരം രണ്ടായി പിളർന്നു. രണ്ടുപേർ ഉടനെ മരിച്ചു. ശേഷംപേർ ബോധശൂന്യരായി വീണു. അവർ രക്ഷപെട്ടു.

ആർ. വി. യുടെ അയോഗ്യത

ഒരുത്തരവുമൂലം ഗവർമ്മെൻറു നീക്കിയിരിക്കുന്നു — പാലാ മുനിസിപ്പാലിററിക്കു് അനുദ്യോഗസ്ഥ പ്രസിഡൻറു്

(പ്രത്യേകലേഖകൻ) തിരുവനന്തപുരം, മേടം 9

പാലാ മുനിസിപ്പാലിററിയുടെ പ്രസിഡൻറും വൈസ്പ്രസിഡൻറുമായി നഗരസഭാംഗങ്ങളിലാരെയെങ്കിലും തിരഞ്ഞെടുക്കുവാൻ അനുവാദംനൽകിക്കൊണ്ടും, പ്രസിഡൻറുസ്ഥാനം വഹിക്കുന്നതിനു മി. ആർ. വി. തോമസ്സിനുണ്ടായിരുന്ന അയോഗ്യതനീക്കിക്കൊണ്ടും ഗവർമ്മെൻറു് ഉത്തരവുകൾ പുറപ്പെടുവിച്ചിരിക്കുന്നു.

ഇറച്ചിമൂലം ക്രൈസ്തവ-മുസ്ലിംലഹള

പരുക്കേററു് പലരും അമ്പലപ്പുഴ, ആലപ്പുഴ ആസ്പത്രികളിൽ

(സ്വ—ലേ)

അമ്പലപ്പുഴ, മേടം 6

ഇതിനടുത്ത പ്രക്കാട്ടുകമ്പോളത്തിൽവച്ചു ഇന്നലെ കാലത്തു് മഹമ്മദീയരും ക്രിസ്ത്യാനികളും തമ്മിൽ ഭയങ്കരമായ ഒരടിലഹള നടന്നിരിക്കുന്നതായും. അടിയേററ അനേകം പേർ അമ്പലപ്പുഴ, ആലപ്പുഴ എന്നീ ആശുപത്രികളിൽ ചികിൽസയിൽ കിടക്കുന്നതായും അറിയുന്നു. ഒരാളിൻെറ നില അപായകരമാണെന്നാണു് പറയപ്പെടുന്നതു്. ഇറച്ചികൊടുക്കൽ വാങ്ങൽ സംബന്ധിച്ചുണ്ടായ വാക്കുതർക്കം വർഗ്ഗീയമായ അടിലഹളയിൽ കലാശിക്കുകയാണുണ്ടായതു്. കൂട്ടത്തൽ ബഹളം ഉണ്ടായേക്കുമെന്നുള്ള കേൾവിയെ അടിസ്ഥാനപ്പെടുത്തി ഏതാനും പോലീസുകാരെ അവിടത്തേയ്ക്കു് പ്രത്യേകം നിയോഗിച്ചിട്ടുള്ളതനുസരിച്ചു് അവർ ഊർജ്ജിതമായ റോന്തു് നടത്തിവരുന്നു. സ്ഥലത്തും പരിസരങ്ങളിലും ഉള്ള ആളുകൾ ഭയവിഹ്വലരായി കഴിയുന്നതായും പലരും സ്ഥലംവിട്ടു പോകുന്നതായും പറയപ്പെടുന്നു. ആലപ്പുഴ എ. എസ്. പി. സ്ഥലം പോലീസ് ഇൻസ്പെക്ടർ എന്നിവർ വന്നു അന്വേഷണം നടത്തി തിരികെ പോയിരിക്കുന്നു.

മേലാൽ ചീഫ് സെക്രട്ടറിയല്ല

കൊച്ചി ചീ. സെക്രട്ടറി യൂണിയൻക്യാബിനററ് സെക്രട്ടറിയായി നിയമിതനാകുമെന്നു്

(പ്ര-ലേ) തിരു: മേടം, 9

ഏതാനും ആഴ്ചകൾക്കുള്ളിൽ തിരുവിതാംകൂർ ചീഫ് സെക്രട്ടറി ഉദ്യോഗത്തിൽ നിന്നു പെൻഷൻപററി പിരിയുന്ന ശ്രീ. ജി. എൻ. തമ്പിയ്ക്കു് പകരം ആളിനെ നിയമിക്കാനിടയില്ലെന്നും, സംയോജനാനന്തരം യൂണിയൻ മന്ത്രിസഭയുടെ ക്യാബിനററു് സെക്രട്ടറിയായി മി. പി. വി. കെ. മേനോനെ (കൊച്ചി ചീ: സെക്രട്ടറി) നിയമിക്കുന്നതാണെന്നും അറിയുന്നു.

ഒരു രാജി

കേരളഭൂഷണം സഹപത്രാധിപർ മി. കെ. ആർ. രാമകൃഷ്ണൻ എഴുതുന്നു.—

തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ദേഹാസ്വാസ്ഥ്യം നിമിത്തം സജീവപ്രവർത്തനങ്ങളിൽ സംബന്ധിക്കുവാൻ നിവൃത്തിയില്ലാതെ ആയിരിക്കുന്നതിനാൽ അ: തി: ജനാധിപത്യയുവജനസംഘടനയുടെ ജനറൽ കൗൺസിലിലെ മെമ്പർസ്ഥാനം ഞാൻ ഖേദപൂർവ്വം രാജിവെച്ചുകൊള്ളുന്നു.

10-ാമുദയമഹോത്സവം

പൂഴിപ്പള്ളി ഇരവിനല്ലൂർ ക്ഷേത്രകുളങ്ങര കാവിൽ ആണ്ടുതോറും നടത്തിവരാറുള്ള പത്താമുദയ മഹോത്സവം ഈ മാസം 11-ാംതിയതി മൈ: വാസുനമ്പൂതിരിപ്പാട്ടു്, കഞ്ഞൂർപണിക്കർ, കരുണാകരൻനായർ, മുതലായ [illegible] കഥകളിയോടും, കോലം മുതലായ ഇതര ചടങ്ങുകളോടുംകൂടി നടത്തുന്നതിനു ഭാരവാഹികൾ തീർച്ചപ്പെടുത്തിയിരിക്കുന്നു.

പ്രാദേശികവാർത്തകൾ

[പ്രാദേശികലേഖകന്മാർ]

ഇത്തിത്താനം— സ്ഥലം ഇളങ്കാവു ഭഗവതി ക്ഷേത്രത്തിലെ ഇക്കൊല്ലത്തെ പത്താമുദയ മഹോത്സവം കാവാലിയാട്ടം, കണ്ടിയൂർ ബ്രദേഴ്സ് ആൻഡ് പാർട്ടിയുടെ നാദസ്വരക്കച്ചേരി, പൂപ്പല്ലക്കുകൾ, വെടിക്കെട്ട് തുടങ്ങിയ വിവിധ ചടങ്ങുകളോടുകൂടി പൂർവ്വാധികം ഭംഗിയായി 11-ാംനു കൊണ്ടാടുന്നതിനു സ്ഥലവാസികൾ നിശ്ചയിച്ചിരിക്കുന്നു.

കഴക്കൂട്ടം— വള്ളക്കടവിൽ നിന്നും സ്ഥലത്തു താമസക്കാരനായ ഒരു വള്ളം ഏജൻറു രാത്രികാലങ്ങളിൽ ചില റൌഡികളുടെ സഹായത്തോടുകൂടി മദ്യപിച്ചു് പലസാധുനായർവീടുകളിലും കയറിമേയുന്നതിനും, അസഭ്യവാക്കുകൾ കൊണ്ടുള്ള അഭിഷേകവും നിത്യേനയായി തീർന്നിരിക്കുന്നു.

മാവേലിക്കര— മാവേലിക്കര തെക്കേക്കര യെങ്മെൻസ് യൂണിയൻറെ പ്രാരംഭയോഗം ഈ മാസം അഞ്ചാംതീയതി ശ്രീമാൻ. എൻ. രാമൻപിള്ളയുടെ മഹനീയ അദ്ധ്യക്ഷതയിൽ കറത്തികാട്ടുവച്ചുകൂടിയിരിക്കുന്നു.

മുവാററുപുഴ— സ്ഥലത്തെ ഒരു പ്രധാന വ്യാപാരിയായ ജനാബ് എ. എ. മക്കാർഅവർകളുടെ പുത്രിശ്രീമതി ഫാത്തിമാബീവിയും ആലപ്പുഴ പി. കെ. മഹമ്മദ് അവർകളുടെപുത്രൻ അബ്ദുൽഅസാമഅവർകളും തമ്മിലുള്ള വിവാഹം ഈ മാസം 5-ാംതീയതി ആയൂർഗ്ഗരാത്രിപത്തുമണിക്കുള്ള ശുഭമുഹൂർത്തത്തിൽ വധൂഗൃഹത്തിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

കഴിമതിക്കാട്— സ്ഥലംശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിലെ വിഷുമഹോത്സവം പൂർവ്വാധികം ഭംഗിയായിനടന്നിരിക്കുന്നു.

തലയോലപ്പറമ്പ്— സ്ഥലം ദേവീക്ഷേത്രത്തിലെ മീനപ്പൂരമഹോത്സവം എതിരേല്പ്, താലപ്പൊലി, വിദഗ്ദ്ധന്മാരുടെ പഞ്ചവാദ്യം, മിസ്റ്റർ മലബാർ ഗോപാലൻനായരുടെ ഹരികഥ എന്നിവകളോടുകൂടി പൂർവ്വാധികം ഭംഗിയായി കൊണ്ടാടിയിരിക്കുന്നു.

ഉദയനാപുരം?— സ്ഥലത്തെ ഒരു ബീഡിവ്യാപാരിയും ഒരു കാലില്ലാത്തവനുമായ ഒരു യുവാവിനെ സമീപസ്ഥനായ ഒരാൾ കടയിൽകയറി സാധനങ്ങൾ നഷ്ടപ്പെടുത്തുകയും കത്തി മുറിവേൽപ്പിക്കയും ചെയ്തിരിക്കുന്നു.

ആലപ്പുഴ— മാവേലിക്കരവച്ചു് സ്വഭാര്യയെ കത്തി കൊലപ്പെടുത്തിയ വറുഗീസ് എന്ന യുവാവിനെ സ്ഥലം നോർത്തു് സ്റ്റേഷൻ ഇൻസ്പെക്ടർ അറസ്റ്റുചെയ്തു റിമാൻററിൽ സൂക്ഷിച്ചിരിക്കുന്നു.

തോണ്ടൻകുളങ്ങര ക്ഷേത്രത്തിൽ വിഷു പ്രമാണിച്ചു നടത്തിവരാറുള്ള ഉത്സവം വിവിധ പരിപാടികളോടുകൂടി നടത്തപ്പെട്ടിരിക്കുന്നു.

കുന്നംകുളം— കുന്നംകുളം വൈ. എം. സി. എ.-യുടെ ഉൽഘാടനം കഴിഞ്ഞ 4-ാംതീയതി കെററു. റവ: സി. കെ. ജേക്കബ് അവർകൾ സമംഗളം നിർവ്വഹിച്ചിരിക്കുന്നു. വൈ. എം. സി. എ. വൈസ് പ്രസിഡണ്ട് മി. വി. സി. മത്തായി സ്ഥാപനം ഉൽഘാടനം ചെയ്യണമെന്നു് അഭ്യർത്ഥിക്കുകയും, "ഈ സ്ഥാപനം ഈ നാട്ടുകാരുടെ ശാരീരികവും, മാനസീകവും, സാമുദായികവുമായ വളർച്ചയ്ക്കു് നിദാനമായി ഭവിക്കട്ടെ" എന്നുള്ള പ്രാർത്ഥനയോടും, ഒരു ചെറുപ്രസംഗത്തോടും ബിഷപ്പവർകൾ ഉൽഘാടനകർമ്മം നിർവഹിക്കുകയും ചെയ്തു.

പറവൂർ— പറവൂർ താലൂക്ക് വിശ്വകർമ്മയൂണിയൻെറ ഉൽഘാടനസമ്മേളനം പറവൂർ ടൗൺ പ്രൈമറി സ്കൂളിൽവച്ചു് ശ്രീ. പി. കെ. കുമാരൻ ആചാരി ബി. എസ്. സി., എം. എൽ. എ.-യുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു.

എരമല്ലൂർ— സ്ഥലം 1175-ാം നമ്പർ സഹകരണസംഘത്തിന്റെ 23-ാമതു വാർഷികയോഗം ചേ:താ: സ്റ്റേ: കോൺഗ്രസ്സ് പ്രസിഡണ്ട് ശ്രീ. കെ. കരുണാകരപ്പണിക്കരുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

മിത്രക്കരി— മിത്രക്കരി ഭഗവതിക്ഷേത്രത്തിലെ ഉത്സവം മേടമാസം 9 മുതൽ 12 വരെ ദശാവതാരം, ദക്ഷയാഗം എന്നീപുരാതനകഥകളെ അനുസ്മരിപ്പിക്കുന്ന കാളക്കൂട്ടുകെട്ടുകാഴ്ചകൾ, ഗരുഡനർത്തനം തുടങ്ങിയ ചടങ്ങുകൾ സഹിതം പൂർവ്വാധികം ഉയർന്നരീതിയിൽ നടത്താൻ വേണ്ട ഒരുക്കങ്ങൾ ചെയ്തുകഴിഞ്ഞിരിക്കുന്നു.

കരുനാഗപ്പള്ളി— സ്ഥലത്തെ ഒരു പുരാതന നായർകുടുംബാംഗവും എം. ബി. രാഘവൻപിള്ള അവർകളുടെ പിതാവുമായ കന്നംപുറത്തു് കൃഷ്ണപിള്ള അവർകൾ വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം തന്റെ 69-ാമത്തെ വയസ്സിൽ കഴിഞ്ഞ 30-ാംതീയതി വൈകിട്ടു് 5 മണിക്ക് സ്വവസതിയിൽവച്ചു് നിര്യാതനായിരിക്കുന്നു.

കരുനാഗപ്പള്ളി— ആലുംകടവു റോഡ് കുണ്ടറപോകുന്ന രണ്ടാമത്തെ തഴത്തോട്ടിൽ ആരംഭിച്ചിരിക്കുന്ന കലുങ്കുപണിക്ക് ഇതേവരെയായി യാതൊരു പുരോഗമനവും ഉണ്ടായിട്ടില്ല. പി. ഡബ്ലിയു. ഡി. അധികൃതരുടെ നിഷ്കർഷക്കുറവു നിമിത്തം കൺട്രാക്ടരുടെ ഉദാസീനത വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നതു്.

കരമ്പാല— സ്ഥലം പുത്തൻകാവിൽ ഭഗവതിക്ഷേത്രത്തിലെ പതിവുപടിയനുസരമായ അത്തംനാള് ഉത്സവം മാന്നാർ ബ്രദേഴ്സിൻെറ നാദസ്വരവായന, കൃഷ്ണപുരം രാഘവൻപിള്ളയുടെ ഹരികഥ, പന്തളം വേലുപ്പിള്ളയുടെ കരിമരുന്നുപ്രയോഗം മുതലായ വിവിധ ചടങ്ങുകളോടുകൂടി പൂർവ്വാധികം ഭംഗിയായി ഭഗവതിവിലാസം കരയോഗം പ്രസിഡണ്ടിൻെറ സ്തുത്യർഹമായ മേൽനോട്ടത്തിൽ നടന്നിരിക്കുന്നു.

തൃക്കാരിയൂർ— ശ്രീരാമനവമി പ്രമാണിച്ചു് മീനം 17-ാംനു മുതൽ 26-ാംനു കൊണ്ടുവ സമാപിച്ച ചടങ്ങുകൾ പൂർവ്വാധികം ഭംഗിയായി ഇക്കൊല്ലവും മുവാററുപുഴ സ്ഥലവാസികളായ തമിഴ്ബ്രാഹ്മണരുടെ സഹകരണത്തോടുകൂടി കൊണ്ടാടിയിരിക്കുന്നു.

കൊട്ടാരക്കര— സ്ഥലം കടവൂർ ചെറുകര കോണത്തു ക്ഷേത്രത്തിലെ ഉത്സവം സ്ഥലത്തെ എൻ. എസ്സ്. എസ്സ്; എസ്. എൻ. ഡി. പി. സംഘങ്ങളുടെ ആഭിമുഖ്യത്തിൽ, മെ. ചെങ്ങന്നൂർ രാമൻപിള്ള, മങ്കൊമ്പു വിഷ്ണുനമ്പൂതിരി, ചമ്പക്കുളം, കുമാരമംഗലം? കരുണാകരൻനായർ, തുടങ്ങിയ കൊട്ടാരം കഥകളി നടന്മാരുൾപ്പെട്ട കഥകളി വിശ്വകർമ്മസംഘത്തിന്റെ, ആഭിമുഖ്യത്തിൽ നാദസ്വരക്കച്ചേരി, ദീപക്കാഴ്ച മുതലായ ചടങ്ങുകളോടുകൂടി പൂർവ്വാധികം മംഗളമായി നടന്നിരിക്കുന്നു.

പച്ചക്കർപ്പൂരം

ആയുർവ്വേദൌഷധങ്ങളിൽ ചേർക്കുന്നതിൽ പ്രസിദ്ധി നേടിയതും ആയുർവേദാചാര്യന്മാരുടെയും മററും പ്രശംസയ്ക്കു് പാത്രീഭൂതവുമായ കാംചാത്ക്കാ പച്ചക്കർപ്പൂരം ഇതാ വന്നുചേർന്നിരിക്കുന്നു.

റോയൽകാമേററി പവണ്ടിനു്		90—0—0
സ്പെഷ്യൽ	,, ,,	60—0—0
നമ്പർ 1	,, ,,	40—0—0

അഞ്ചൽമാർഗ്ഗമായും, തപാൽമാർഗ്ഗമായും വി. പി. ആയി അയയ്ക്കപ്പെടും.

Vasanta & Co., Ankamali.

Distributors:- Kamchatka Pachakarpuram.

ദി ലക്ഷ്മി ചിട്ടിഫണ്ട് ലിമിററഡ്,

തിരുവനന്തപുരം.

എ. ബി. സി. ഡി. ക്ലാസ്സുകളിലായി ആകെ

7000 ബ്രി. രൂപാ

യുടെ പുതിയ പ്രതിമാസലേലച്ചിട്ടി

വീണ്ടും ഉടനെ തുടങ്ങുന്നു: (ക്യാഷ് സെക്യൂറിററിയിന്മേൽ)

40	ബ്രി. രൂപാ വീതം 50 മാസം	എ-ക്ലാസ്	മുതൽ രൂ.	2000
30	"	ബി	"	1500
20	"	സി	"	1000x2
10	"	ഡി	"	500x3

പിടിച്ചവർക്കും പിടിക്കാത്തവർക്കും വീതപ്പലിശ പതിവുപോലെ

മാനേജർ, കെ. ദാമോദരൻപിള്ള,

ദി ലക്ഷ്മി ചിട്ടിഫണ്ട് ലിമിററഡ്,

പുളിമൂട്ടിൽ തെക്കുവശം, മെയിൻറോഡ്, തിരുവനന്തപുരം.

ശിക്ഷണനടപടി



ലാഭനഷ്ടങ്ങൾ

കൃഷ്ണമാചാരിക്കമ്മററി റിപ്പോർട്ടനുസരിച്ചു് തിരുവിതാംകൂറിനു് — ആദായനികുതി, എക്സൈസ്ചുങ്കം, റേഡിയോ ലൈസൻസ് തുടങ്ങിയ ഇനങ്ങളിൽ തിരുവിതാംകൂറിൻെറ വരവിൽ നിന്നു് രണ്ടരക്കോടിരൂപാ കേന്ദ്രഗവർമ്മെൻറിനു് — ഇതിനുപകരമായി പട്ടാളത്തിനും ബ്രോഡ്കാസ്റ്റിംഗിനും വേണ്ടിയുള്ള 80 ലക്ഷം കേന്ദ്രഗവമ്മെൻറ് വഹിച്ചേക്കുമത്രെ

(പ്രത്യേകലേഖകൻ)

എറണാകുളം, മേടം 9

നാട്ടുരാജ്യങ്ങളുടെ ധനപരമായ പുനസ്സംവിധാനപദ്ധതിയെപ്പററി അന്വേഷിക്കുന്നതിനു് നിയുക്തമായിട്ടുള്ള കൃഷ്ണമാചാരി കമ്മററിയുടെ ശുപാർശകൾ അനുസരിച്ചുള്ള വ്യവസ്ഥകൾ, ഇൻഡ്യൻഭരണഘടന പ്രയോഗത്തിൽ വരുത്തിയതിനുശേഷമെ ഉഭർജ്ജിതത്തിൽ വരുത്തുകയുള്ളു. അതുവരെ ഇപ്പോൾ നിലവിലിരിക്കുന്ന അവകാശങ്ങളോടുകൂടി ഈ ഗവമ്മെൻറിൻെറ പ്രവർത്തനം തുടരാൻ അനുവദിക്കുമത്രെ. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പട്ടാളം, ബ്രോഡ്കാസ്റ്റിംഗ് എന്നീ വകുപ്പുകൾക്കുള്ള ചെലവുകളിൽനിന്നു് ഈ ഗവർമ്മെൻറു് മോചിതമാകുന്നതാണു്. വരവു് ഇനങ്ങളിൽ, ആദായനികുതി, തീപ്പെട്ടി, പുകയില, കാപ്പി, തേയില, പഞ്ചസാര, വിദേശമദ്യം മുതലായവയുടെ മേലുള്ള ചുങ്കം, ടെലിഫോൺ, റേഡിയോ, ലൈസൻസ് എന്നിവ കേന്ദ്രഗവമ്മെൻറു് ഏറെറടുക്കുമെന്നു അറിയുന്നതു്. ഗവർമ്മെൻറിൻെറ വരവിൽ രണ്ടരക്കോടിയോളം രൂപ കേന്ദ്രഗവർമ്മെൻറു് ഏറ്റെടുക്കുമ്പോൾ, ഇവിടെ ഉണ്ടാകുന്ന ആദായം പട്ടാളത്തിനും ബ്രോഡ്കാസ്റ്റിംഗിനും വേണ്ടി ചെലവാക്കിക്കൊണ്ടിരിക്കുന്ന 80 ലക്ഷം രൂപ മേലിൽ കേന്ദ്രഗവർമ്മെൻറു് വഹിക്കുമെന്നുള്ളതാണു്.

കൊച്ചി— തിരുവിതാംകൂർ സംയോജനത്തോടുകൂടി, ഇപ്പോൾ നിലവിലിരിക്കുന്ന ധനപരമായ വ്യവസ്ഥകൾക്കു ചില മാററങ്ങൾ അനിവാര്യമായിരിക്കുന്നതിനാൽ, യൂണിയൻ അടിസ്ഥാനത്തിൽ ഒരു വിശദമായചർച്ച നടത്തേണ്ടതു് കമ്മററിയുടെ കർത്തവ്യമായിരിക്കുന്നു. അതുകൊണ്ടാണു് കൃഷ്ണമാചാരി കമ്മററി ഈ ഏപ്രിൽ 26-ാംനു എറണാകുളത്തു എത്തി രണ്ടു ഗവർമ്മെൻറുകളുടെയും പ്രതിനിധികളുമായി ചർച്ച നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും വിശ്വസിക്കപ്പെടുന്നു.

തയ്യാറായില്ലന്നും ഇപ്പോഴുള്ള ധാരാപരമായ്പ്ര വർത്തികൾ അനുവദിക്കത്തക്കതല്ലന്നും മററുംവിവരിച്ചും യൂണിയൻെറ മാർപ്പവർത്തനങ്ങളെ വിശദീകരിച്ചും ഉജ്ജ്വലമായ ഒരു പ്രസംഗം ചെയ്തു. അനന്തരം എ. എൻ. കണ്ണൻ, സാഹിബ്, വി. എ. ഗോപാലൻനായർ, പി. കെ. പരമേശ്വരൻ, പി. കെ. രാമചന്ദ്രൻ, വി. ഏ. കൃഷ്ണൻ എന്നിവർ കാര്യോപയുക്തങ്ങളായ പ്രസംഗങ്ങൾ ചെയ്തു.

പുരോഗമനസാഹിത്യസമ്മേളനം

അഖിലകേരള പുരോഗമനസാഹിത്യസംഘടനയുടെ ഒന്നാം വാർഷികസമ്മേളനം സംബന്ധിച്ചുള്ള മാനേജിംഗ് കമ്മററി 1949 ഏപ്രിൽ 17-ാം തീയതി കൊല്ലം പുരോഗമനസാഹിത്യസമിതി ആഫീസിൽ വച്ചു കൂട്ടുകയുണ്ടായി. സമ്മേളനം 1949-മെയ് 5-6-7 (മേടം 23, 24, 25) ഈ തീയതികളിൽ വിവിധ പരിപാടികളോടുകൂടി നടത്തുന്നതാണു്. അഭിനയഗാനം, "ഏകാങ്ക" നൃത്തം, നാടകം, സംഗീതമേള മുതലായ കലാപരിപാടികൾക്ക് വിദഗ്ദ്ധരായ ആളുകളെ സംഘടിപ്പിച്ചിരിക്കുന്നു. കലാഭംഗി പൂണ്ട ഇവയിൽ പ്രസ്തുത കലാപരിപാടികൾ ഒരു നേട്ടമായിരിക്കുമെന്ന് അങ്ങർക്കു വിശ്വാസമുണ്ടു്. പത്തു് ഉറപ്പിക്കുന്ന സ്വീകരണസംഘാംഗങ്ങളാകുന്നവർക്ക് കലാവിരുന്നുകളിൽ സംബന്ധിക്കുന്നതിനു് പ്രത്യേകം ടിക്കററുകൾ ആവശ്യമില്ല. സ്വീകരണസംഘത്തിൽ ചേർന്നു ഈ സാംസ്കാരിക സംരംഭങ്ങളെ വിജയിപ്പിക്കുവാൻ നാട്ടുകാർ മുമ്പോട്ടു വരണമെന്നു പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

ഇരണിയൽ— മേടം ഒന്നാം തീയതി ആരംഭിച്ചതായ നാഗർകോവിൽ തിരുവിതാംകൂർ തമിഴ്നാട്ടു കോൺഗ്രസ്സുകാരുടെ സത്യാഗ്രഹികളെ പോലീസ് അറസ്ററുചെയ്തതിൽ പ്രതിഷേധിച്ചു്; ഇന്നലെ ഇവിടങ്ങളിലെ കടകളടച്ചു് ഹർത്താലനുഷ്ഠിക്കുകയുണ്ടായി. ഇവിടത്തെ തമിഴ്നാട്ടു കോൺഗ്രസ്സുകാർ അറസ്ററുചെയ്യപ്പെട്ടവരുടെ പേരുവിവരം എഴുതി വെച്ചിരുന്നതായ രണ്ടു "ബോർഡുകളെയും" സ്ഥലം പോലീസ് എടുത്തു മാററുകയും ചെയ്തു.

വാമനപുരം— പുളിമാത്തു് എൻ. എസ്. എസ്. കരയോഗവാർഷികം, അവിടത്തെ ക്ഷേത്രമൈതാനത്തുവെച്ചു് ആഘോഷിച്ചിരിക്കുന്നു. അദ്ധ്യക്ഷനും ഹിന്ദുമിഷൻ സൂപ്പർവൈസർ ശ്രീ. പി. എൻ. കൃഷ്ണപിള്ളയും കരയോഗം ഇൻസ്പെക്ടർ ശ്രീ. കുമാരപിള്ളയും, സഹകരണോദ്യമനത്തിലും, കരയോഗം രജിസ്ട്രാരുടെ സർക്കുലറിൻ പ്രകാരമുള്ള സൃഷ്ടിപരമായ പരിപാടി അനുസരിച്ചും, കരയോഗം പുരോഗമിപ്പിക്കേണ്ട ആവശ്യകതയെ വിശദമാക്കി പ്രസംഗിച്ചു. പുതിയ പ്രവർത്തകസമിതി തെരഞ്ഞെടുക്കപ്പെട്ടു. മഹാത്മഗാന്ധി കോളേജിനു പണപ്പിരിവു നടത്തണമെന്ന നിർദ്ദേശം അംഗീകരിക്കപ്പെട്ടുകയും ശ്രീ. അയ്യപ്പൻകുറുപ്പ്, ശ്രീ നാരായണക്കുറുപ്പെന്നിവർ ഓരോ തുക സംഭാവന നൽകുകയുമുണ്ടായി.

കഴിഞ്ഞ അഞ്ചാം തീയതി ഇവിടെ ഒരു വിവാഹാലോചന സംബന്ധിച്ച വഴക്കു നടന്നുകൊണ്ടിരിക്കെ, വധുവിന്റെ സ...

കത്തനാർ അറസ്ററിൽ

(സ്വ-ലേ)

പൂവരണി, മേടം 7

ഒരാണ്ടുകാലമായി സ്ഥലത്തുള്ള പല ക്രിസ്തീയ കുടുംബങ്ങളിലുംപോയി അവരുടെ ആതിഥ്യവും, സംഭാവനകളും സ്വീകരിച്ചു് സുഖിമാനായി കഴിഞ്ഞു് കൂടിയ ഒരു ക്രിസ്ത്യൻപാതിരിയെ ഇന്നലെ രാത്രി മീനച്ചൽ പോലീസ് അറസ്റ്റുചെയ്തു് കസ്റ്റഡിയിലാക്കിയിരിക്കുന്നു.

അന്വേഷണത്തിൽ ഈ കപടവേഷധാരിയായ പാതിരി ഇവിടെ പലർക്കും മുൻപരിചയമുള്ള "മാണി"യെന്നപേരുള്ള ഒരു ക്രിസ്ത്യാനിയാണെന്നറിയുന്നു. കുറച്ചുദിവസങ്ങളായി, ശരീരസുഖമില്ലെന്നുപറഞ്ഞ നറാംകുളങ്ങരയിൽ മി. ജോസഫിൻെറ അതിഥിയായി ഒരു പുരോഹിതനു് ഒരു ക്രിസ്ത്യാനിയുടെ വീട്ടിൽ ലഭിക്കാവുന്ന സർവവിധ ബഹുമതികളോടും കൂടി താമസിക്കവെയാണു് ഇന്നലെ പോലീസ് അറസ്റ്റുചെയ്തതു്. ഇയ്യാൾ മീനച്ചിൽ പോലീസ്സിന്റെ പഴയ ഒരുപുള്ളിയുമാണെന്നറിയുന്നു.

ഫോർമൻ കിളിമാനൂർ പി. ഡബ്ല്യു. ഡി. സെക്ഷൻ ആഫീസ് ക്ലർക്ക ശ്രീ. ചെല്ലപ്പൻപിള്ളയുടെ 4 വയസ്സു പ്രായമുള്ള കുട്ടി കാൽ വഴുതി ആററിൽ വീണു മരിച്ചുപോയിരിക്കുന്നു. വളരെ ശ്രമം നടത്തിയിട്ടും ശവം ഇതുവരെ കണ്ടുകിട്ടുകയുണ്ടായില്ല.

സ്ഥലം യുവജനങ്ങളുടെ ശ്രമഫലമായി, യുവജനസമാജം എന്നൊരു സംഘടന സ്ഥാപിച്ചു പ്രവർത്തനമാരംഭിച്ചിരിക്കുന്നു. കാരേററുമുക്ക്, അമ്പിക്കമിത്ര ക്രമസങ്കേതമായി തീർന്ന വരികയാണു്.

കർഷകയൂണിയൻ പ്രചരണസമ്മേളനം

(സ്വ-ലേ) തുറവൂർ മേടം 1

പറയകാട്ടുനാലുകുളങ്ങരക്ഷേത്രമൈതാനത്തുവച്ചു ചേർത്തല താലൂക്കു് കർഷക യൂണിയൻെറ ഒരു പ്രചരണമഹാസമ്മേളനം യൂണിയൻപ്രസിഡൻറും ചേർത്തല കോൺഗ്രസ്സ് കമ്മററി പ്രസിഡൻറുമായ ശ്രീ. കെ. കരുണാകരപ്പണിക്കർ ബി. എ. ബി. എൽ.-ൻെറ അദ്ധ്യക്ഷതയിൽ ഇന്നലെ നടന്നു: അദ്ധ്യക്ഷൻെറ ഉപക്രമപ്രസംഗത്തിൽ ഏതാണ്ടു ഇപ്രകാരം പറഞ്ഞു:- കർഷകനാണു് രാജ്യത്തിൻെറ നട്ടെല്ലെന്നും അവൻെറ ആവശ്യങ്ങളെ വിശദീകരിച്ചുകൊണ്ടു ഒരു ഗവർമ്മെൻറിനും മുൻപോട്ടുപോകുവാൻ സാദ്ധ്യമല്ലെന്നും ആലപ്പുഴ കാരനായ പൃച്ഛന്നുകിട്ടിയതുൽ പേർ ഇവിടെ വന്നുകൃഷി നടത്തുന്നതുകൊണ്ടും ഇന്നാട്ടുകാരായ നമുക്കു കൃഷിചെയ്തു ജീവിക്കുന്നതിനു് ആവശ്യമായ സ്ഥലങ്ങൾ ഇവിടെ ഇല്ലാതിരിക്കെ ഇതുപോലുള്ള കയ്യേററക്കാരെ അതിലെ കൂട്ടുകാരെ സാദ്ധ്യമല്ലെന്നും യൂണിയനിൽ നിന്നും കൊടുത്തിരുന്ന ഹർജിക്കു് ഇതേവരെ മറുപടി തരുവാൻ

ഒരു ചരമം

(സ്വ-ലേ) മേടം 9

വലിയകുന്നിൽ ... 3-ാംനു വൈകുന്നേരം 10 45-നു് ... വർകൾ ... കിടപ്പിൽ ... തിനു് ... സ്റ്റ് ... സാധാരണ ... നവർക്കു ... പുസ്തകങ്ങൾ ... ളെപ്പററി ... ണ്ടു്.

ബാലകാന്തി

കുട്ടികൾക്കു ഉണ്ടാകുന്ന എല്ലാ വിധ പീഡകളിലും ബാലകാന്തി കൊടുക്കുക. ഒരു സീസയുടെ അധിഷ്ഠിതം.

കുപ്പി ഒന്നിനു 2 രൂപാ മാത്രം.

കണ്ണപ്പൻ വൈദ്യൻ
ആയുർവേദ ജീവിനി
വൈദ്യശാല,
പട്ടണിയിൽ, ചങ്ങനാശേരി.

THE DESABANDHU

ജ്യോതിഷ ഗുരുനാഥൻ

ചിറയിൻകീഴ്, നീലകണ്ഠപ്പിള്ള ജോത്സ്യൻ ഉണ്ടാക്കിയ മുഹൂർത്തം സംബന്ധമായ ജ്യോതിഷത്തിലെ പരമ രഹസ്യങ്ങൾ അടങ്ങിയ ഉത്തമഗ്രന്ഥം. വില രൂ.2 മാത്രം. ജയചന്ദ്രവിലാസം ബുക്ക്ഡിപ്പോ, ചാല, തിരുവനന്തപുരം.

അങ്ങാടിയിൽ തോററതിനു അമ്മയോട്

കാൺഗ്രസ്സിൻെറ പരാജയം ഉച്ചൈസ്തരം പ്രഖ്യാപിക്കപ്പെട്ടു—യോഗ്യതയുള്ള സ്ഥാനാർത്ഥിയെ കാൺഗ്രസ്സിനു കിട്ടാതെ വന്നതു് ആരുടെ കുററം?—രാഷ്ട്രീയപരിപാടി ഉപേക്ഷിച്ചുകൊണ്ടുള്ള നിശ്ചയം എൻ. എസ്സ്. എസ്സ്. സ്വദേശം പാലിച്ചിട്ടുണ്ടു്—എന്നാൽ കത്തോലിക്കാകാൺഗ്രസ്സിൻെറ നില അതല്ല—സൊസൈററിയുടെ നില സാന്മാർഗ്ഗികതപത്തിൽ അടിയുറച്ചതാകയാൽ ദുരുദ്ദേശപരമായ റിപ്പോർട്ടുകൾകൊണ്ടു ഫലമില്ല—റിപ്പോർട്ടർ താൻ വസിക്കുന്ന പട്ടണത്തിലെ പ്രഥമപൗരനായാൽ കൂടിയും സത്യമെ ജയിക്കു എന്നു ധരിക്കണം

മേടം 8-ാംനു-യിലെ മുനിസിപ്പൽ തെരഞ്ഞെടുപ്പിനെപ്പററി ദീപികയിലുണ്ടായിരുന്ന റിപ്പോർട്ടിനു മി. എൻ. ഗോവിന്ദമേനോൻെറ മറുപടി

കോട്ടയം, മേടം 9

എൻ. എസ്സ്. എസ്സ്. പ്രസിഡണ്ടു് ശ്രീ: എൻ. ഗോവിന്ദമേനോൻ ചുവടെ ചേർക്കുന്ന പ്രസ്താവന പ്രസിദ്ധീകരണത്തിനു അയച്ചുതന്നിരിക്കുന്നു.

കോട്ടയം മുനിസിപ്പൽ ഉപതെരഞ്ഞെടുപ്പിനെപ്പററി ദീപികയുടെ പ്ര: റിപ്പോർട്ടർ ഈ മാസം 9—ാംനു-യിലെ പത്രത്തിൽ എഴുതിയിരിക്കുന്ന റിപ്പോർട്ടു് വായിച്ചപ്പോൾ അതിലടങ്ങിയിരിക്കുന്ന ഒന്നര വാക്യങ്ങൾക്കു് ഒരു മറുപടി എഴുതണമെന്നു് രോഗശയ്യയിൽ കിടക്കുന്ന എനിക്കു തോന്നിയതാണു് ഈ സ്റ്റേററുമെൻറിനു കാരണം. പ്ര: റിപ്പോർട്ടർ എഴുതിയിരിക്കുന്ന പ്രസ്തുതറിപ്പോർട്ടു വായിച്ചാൽ ആദ്യം ഓർമ്മയിൽ വരുന്നതു് "അങ്ങാടിയിൽ തോററതിനു അമ്മയോടു്" എന്ന സാധാരണകേൾക്കാറുള്ള പഴമൊഴിയാണു്. കോൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം അടിക്കടി ഓരോ പരാജയങ്ങൾ സ്വാഗതം ചെയ്തുകൊണ്ടുവരുന്ന കൂട്ടത്തിൽ റിപ്പോർട്ടിൻെറ ഹേതുവായ ഉപതെരഞ്ഞെടുപ്പു് കോട്ടയം പട്ടണത്തെ സംബന്ധിച്ചിടത്തോളം അതു് ഉച്ചൈസ്തരം പ്രഖ്യാപിക്കപ്പെട്ടു എന്നു കണ്ണുള്ളവർക്കെല്ലാം കാണാൻ കഴിയും. ഹിന്ദുക്കളുടെ പ്രഖ്യാപിതമായ നിസ്സഹകരണം പരാജയപ്പെട്ടുവെന്നും ഹിന്ദുക്കൾ വോട്ടുചെയ്യാൻ തയാറാകാതിരുന്നുവെങ്കിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥി ജയിക്കുമായിരുന്നുവെന്നും പ്ര: റിപ്പോർട്ടർ സമാധാനപ്പെടുന്നുണ്ടു്. എന്നാൽ ഇതു രണ്ടും തെററായ ഒരു ചിന്താഗതിയാണു്. ഹിന്ദുക്കൾ സംഘടിതമായി തെരഞ്ഞെടുപ്പിൽ പങ്കുകൊണ്ടില്ലെന്നുള്ളതാണു് യഥാർത്ഥ്യം; ഹിന്ദുക്കളിൽ വല്ലവരും കോൺഗ്രസ്സിനോടോ കോൺഗ്രസ്സുകാർ കണ്ടുപിടിച്ചുനിർത്തിയ സ്ഥാനാർത്ഥിയോടോ പൊരുത്തപ്പെടാതെ സ്വതന്ത്രസ്ഥാനാർത്ഥിക്കു വോട്ടുചെയ്തിരിക്കാം. കോട്ടയത്തെ പ്രാചീനകുടുംബങ്ങളിൽ ഒന്നിലെ ഒരംഗവും വിദ്യാസമ്പന്നനും വിശാലഹൃദയനുമായ സ്വതന്ത്രസ്ഥാനാർത്ഥി ക്രിസ്ത്യൻ വോട്ടറന്മാരുടെ ശ്രീപക്ഷം കൊണ്ടുതന്നെ ജയിച്ചിരിക്കുമെന്നാണു് എൻെറ വിശ്വാസം. അതുപോലെ യോഗ്യതയുള്ള ഒരു സ്ഥാനാർത്ഥിയെ കിട്ടാതിരുന്നതു് അവരുടെ പരാജയമാണെന്നു് അവർ മനസ്സിലാക്കുന്നില്ല; ഉപതെരഞ്ഞെടുപ്പു് നടത്തുവാൻ ഉപയോഗിച്ചെങ്കിലും എൻെറ മാനേജ്മെൻറിൽ ഇരിക്കുന്ന ഒരു സ്കൂൾ ആണെന്നുള്ളതു് കോൺഗ്രസ്സിൻെറ തോൽവിക്കു് ഒരു കാരണമായി ഇടക്കാലംശപ്പെട്ട പ്ര: റിപ്പോർട്ടർ വ്യസനിക്കുന്നുണ്ടു്. കോട്ടയം മുനിസിപ്പാലിററിയിലേക്കു് വാർഡുതെരഞ്ഞെടുപ്പു നടന്നപ്പോൾ എല്ലാം ഇതുകെട്ടിടം പോളിംഗ്ബൂത്തായി ഉപയോഗിച്ചിട്ടുണ്ടു്. അന്നും സ്കൂൾ എൻെറ മാനേജ്മെൻറിൽ തന്നെ ആയിരുന്നു. അന്നൊന്നിലും കാൺഗ്രസ്സ് പരാജയപ്പെട്ടില്ല.

എൻെറ മാനേജ്മെൻറിൽ ഇരിക്കുന്ന സ്കൂളിൽ സ്ഥാനാർത്ഥിയെ അനുകൂലിക്കുന്ന ആളുകൾ ... സർവീസ്സൊസൈററി പ്രസിഡണ്ടു് കോൺഗ്രസ്സിനെ എതിർക്കുവാൻ ആജ്ഞാപിച്ചിരിക്കുന്നു എന്നുള്ള വാർത്തയാണു് അതു്. നായർസർവീസ്സൊസൈററി രാഷ്ട്രീയകാര്യം ഉപേക്ഷിച്ചു ഇന്നും ഇന്നലെയും അല്ല. മററു ചില സമുദായിക സംഘടനകൾ രാഷ്ട്രീയപരിപാടി ഉപേക്ഷിച്ചു എന്നു പറയുകയും ... സർവീസ്സൊസൈററി 1121 കർക്കടകത്തിൽ പാസ്സാക്കിയ ആ നിശ്ചയത്തെ ദൃഢമായി പാലിച്ചുവരികയാണു് ചെയ്യുന്നതു്. സർവ്വീസ്സൊസൈററി രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിക്കണമെന്നു് സമുദായാംഗങ്ങളിൽ ചിലർ മുറവിളി കൂട്ടുകയും സമുദായത്തിനുവേണ്ടി ആ ജോലിക്കൂടി ഏറെറടുക്കുവാൻ പത്തുംപൂരായ പല പ്രകോപനപരമായ സംഭവങ്ങളും ഈ രാജ്യത്തുണ്ടാകുകയും ചെയ്തു എന്നറിയാമെങ്കിലും സർവീസ്സൊസൈററി പ്രത്യക്ഷമായോ പരോക്ഷമായോ രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിക്കുവാൻ പാടില്ലെന്നു് വീണ്ടും വീണ്ടും എൻ. എസ്സ്. എസ്സ്. ബോർഡു് അവർത്തിച്ചാവർത്തിച്ചു നിശ്ചയം ചെയ്യുകയും ... സൊസൈററിയുടെ നില സാന്മാർഗ്ഗികത്വത്തിൽ അടിയുറച്ചതാണു് ... ഈ പട്ടണത്തിലെ ഒന്നാമത്തെ പൗരനായിരുന്നാലും—ധരിച്ചിരിക്കേണ്ടതുണ്ടു്. അതു് സത്യം അവസാനം ജയിക്കും എന്നുള്ളതാണു്.

—o—

ദി സെൻട്രൽ ട്രാവൻകൂർ ട്രേയിഡ്സ് ആൻഡ് ഇൻഡസ്ട്രീസ്സ് ലിമിററഡ്

H. O. ചെങ്ങന്നൂർ.

കമ്പനിവക കെട്ടിടങ്ങൾ, ബാങ്ക്, തീപ്പെട്ടി, മെഴുകുതിരി, ... മുതലായവ ഉല്പാദിപ്പിക്കുന്ന ശാലകൾ, ... സർവീസ്സുകൾ, മോട്ടോർ വർക്ക്ഷോപ്പ് ... മുതലായവ ...

Managing Director,
For the CENTRAL TRAVANCORE
TRADES & INDUSTRIES Ltd, Chengannur.
N. B. Representatives for important places are required.

കോട്ടയം

(സ്വ-ലേ) മേടം 10

ഇടപ്പാറയിലുള്ളനിന്നും ഇന്നലെ 11 മണിക്കു ഇവിടെ എത്തിച്ചേർന്ന ലഫ്: കേണൽ ... വും, പാർട്ടിയും ഇന്നലെ 2-30-നു് എറണാകുളത്തേക്കു പോയിരിക്കുന്നു.

11-ാം വാർഡിലെ സ്ഥാനാർത്ഥികൾ മൂന്നുപേരും സ്വതന്ത്ര സ്ഥാനാർത്ഥികളാണെന്നും, തെരഞ്ഞെടുപ്പു് ഇടവം 1—ാം തീയതി നടക്കുന്നതാണെന്നും അറിയുന്നു. തങ്ങളുടെ താല്പര്യത്തിനു വിധേയമായി ജയിക്കുന്ന സ്ഥാനാർത്ഥിയെ കോൺഗ്രസ്സ് പാർട്ടിയിലേക്കു എടുത്താൽ മതിയെന്നും കോൺഗ്രസ്സ് സ്ഥാനാർത്ഥിക്കു ആ വാർഡിൽ അപജയമേ സംഭവിക്കയുള്ളുവെന്നു് കോൺഗ്രസ്സ് മുനിസിപ്പൽ പാർലമെൻററി ബോർഡിനു ബോദ്ധ്യമുണ്ടെന്നു മാണു് അറിയുന്നതു്.

പള്ളിപ്പുറത്തുകാവു ശ്രീഭഗവതിക്ഷേത്രത്തിലെ കാട്ടാക്കത്തിനു സ്കന്ദസ്വാമി ആനന്ദ് പാർട്ടിയുടെ നാമസ്മരണയും അമ്മൻകുടത്തിനു തെങ്കാശി പാർട്ടിയുടെ ഉണ്ടായിരിക്കുമെന്നും കാലത്തു രാവിലെ 8 മുതൽ 12 മണിവരെ എന്ന സമയക്കുറിപ്പുതവണത്തിൽ ... ൽ സമാപിക്കുവാൻ സാധ്യതയുണ്ടെന്നു കണ്ടിരിക്കുന്നു. ഈ സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനത്തിനുള്ള ചെലവുകൾ കേന്ദ്രഗവണ്മെൻറിൽനിന്നും ചെയ്യുമെങ്കിൽ മാത്രമേ ഇതു പ്രായോഗികമായി തീരുകയുള്ളു എന്നും അറിയുന്നതു്. മി ഷാമണ്ണു ഈ അഭിപ്രായം ഇൻഡ്യാ ഗവർമ്മെൻറിലേക്കു റിപ്പോർട്ടു ചെയ്യുമെന്നാണറിയുന്നതു്.

രണ്ടാം വാർഡിലെ തെരഞ്ഞെടുപ്പിനു 464 പേർ വോട്ടു ചെയ്തു എന്നാണറിയുന്നതു്. 912 പേർക്കാണു് ആ വാർഡിൽ വോട്ടുള്ളതെന്നും സ്വതന്ത്രസ്ഥാനാർത്ഥിക്കു 200-ൽപരം ഭൂരിപക്ഷവോട്ടുകൾ ലഭിച്ചു എന്നുമാണറിയുന്നതു്.

250 കോടി ഡോളർ

വാഷിംഗ്ടൺ, ഏപ്രിൽ 21

ചൈനീസ് ഗവണ്മെൻറിനു് അമേരിക്ക 250 കോടിഡോളറിൻെറ സഹായം നൽകിയിട്ടുണ്ടെന്നു് അമേരിക്കൻസ്റ്റേററു് സെക്രട്ടറി മി: ഡീൻ അച്ചിസൺ ഒരു പ്രസ്സ് കോൺഫറൻസിൽ പ്രസ്താവിച്ചിരിക്കുന്നു. ചൈനയിൽ കമ്മ്യൂണിസ്റ്റ് ഗവണ്മെൻറു് സ്ഥാപിതമാകുന്നപക്ഷം ആ ഗവണ്മെൻറിനെ അംഗീകരിക്കാനുള്ള അമേരിക്ക തയാറാകുമോ എന്നതിനെപ്പററി ഒന്നും പറയാൻ അദ്ദേഹം വിസമ്മതിച്ചു.

(പി. റ്റി. ഐ റോയിട്ടർ)

വീണ്ടും ഭക്ഷ്യമന്ത്രി സമ്മേളനം

ന്യൂഡെൽഹി ഏപ്രിൽ 20

ഏപ്രിൽ 30-ാംതീയതി ഇവിടെ വച്ചു കൂടുന്ന ഭക്ഷ്യമന്ത്രി സമ്മേളനം ... 1951-നുശേഷം ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യുന്നതു നിർത്തലാക്കുമെന്നുള്ള ഗവണ്മെൻറിൻെറ തീരുമാനം പ്രാവർത്തികമാക്കുന്നതിനുള്ള ... കർമ്മപരിപാടികൾ നിർണ്ണയിക്കുന്നതാണു് ...

ദീപികപ്പത്രത്തിൻെറ വർഗ്ഗീയക്കലി

സത്യത്തിനെതിരായുള്ള കുരിശുയുദ്ധത്തിൽ വേറൊരടവു്

തിരു: മേടം 8

"ദുഃഖവെള്ളിയാഴ്ച ആഫീസിൽ ഹാജരായില്ല എന്ന കാരണത്തിന്മേൽ അക്കൗണ്ടാഫീസിലെ ഏതാനും ക്രിസ്ത്യൻ ക്ലാർക്കന്മാരോടു് അക്കൗണ്ടൻറു് ജനറൽ മി. പി: എൻ. പത്മനാഭപിള്ള സമാധാനം ആവശ്യപ്പെട്ടിരിക്കുന്നതായി അറിയുന്നു" വെന്നും അക്കൗണ്ടൻറ് ജനറൽ പ്രത്യേകജാതിയിൽ പെട്ടവരെ മാത്രം അസ്സൈൻറു ചെയ്യുന്നുവെന്നും മററും കാണിച്ചു് മേടം 8-ാംനു-യിലെ ദീപികയിൽ റിപ്പോർട്ടു ചെയ്തിരിക്കുന്ന ഒരു ലേഖനത്തെപ്പററി ... ഒരു വിശദീകരണം ... തീയതിയെങ്കിലും പൂർത്തിയാക്കണമെന്നു് പ്രത്യേകം നിർദ്ദേശം നൽകി. ഒടുവിൽ മേടം 5-ാംനു-ക്കകം കുടിശികകണക്കുകൾ ശരിപ്പെടുത്തണമെന്നും അല്ലാത്തപക്ഷം കർശനമായി ശിക്ഷണനടപടികൾ എടുക്കുമെന്നും കാണിച്ചു് ഒരു നോട്ടീസ്സ് പരസ്യപ്പെടുത്തി. ഈ നോട്ടീസിനു ഒപ്പിടാൻ വിസമ്മതിച്ച ശിവശങ്കരപ്പിള്ള, മൈക്കൽ എന്നീ രണ്ടുപേരെ സസ്പെൻറുചെയ്തു. മൈക്കളാണെങ്കിൽ ഇതിനുമുമ്പും അനുസരണക്കേടിനു ശിക്ഷിക്കപ്പെട്ടിട്ടുള്ളയാളാണു്. കൃത്യവിലോപത്തിനായി മററു ചിലർക്കും നിർദ്ദേശം നൽകിയിട്ടുണ്ടു്. നിർദ്ദേശം നൽകിയതുതന്നെ ശരിയായ ആവശ്യപ്പെട്ടിട്ടാണു്. ഇതിൽ ദീപിക വിഭാവനം ചെയ്യുന്നതുപോലെ ജാതീയപക്ഷപാതമോ, മതവിദ്വേഷമോ ഉള്ള വെളിപ്പെടുത്തലുകൾ യാതൊന്നും ഇല്ലെന്നുള്ളതു വ്യക്തമാണു്. നിയമനത്തെപ്പററിയാണെങ്കിൽ മി. പത്മനാഭപിള്ള അക്കൗണ്ടൻറു് ജനറലായി നിയമിക്കപ്പെട്ടതിനുശേഷം പുതുതായി യാതൊരു നിയമനവും നടത്തിയിട്ടില്ല. റിവർട്ടുചെയ്ത ചിലരെ യോഗ്യതയും സീനിയോറിററിയും അനുസരിച്ചു പ്രമോട്ടുചെയ്തിട്ടുണ്ടു്.

1123-ലെ ജോയിൻറ് അക്കൗണ്ടിൽ ... 1124 കർക്കടകത്തോടു തീർക്കണമെന്നു് ... ദീപികയുടെ ആരോപണങ്ങൾ ... പ്ര: റിപ്പോർട്ടർ തന്നെ ... ആദ്യം വിവരങ്ങൾ ലഭിച്ചിരിക്കുന്നു ...

(സ്വ-ലേ)

St. Thomas Automobile Engineering Institute
Tutorial College, Nagampadom, Kottayam.

... മോട്ടോർ ... പ്രോസ്പെക്ടസ്സിനു് 2 അണസ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

C. V. THOMAS.

ലണ്ടനിൽ മലാൻ വിരുദ്ധ പ്രകടനം

ലണ്ടൻ ഏപ്രിൽ 9

ദക്ഷിണാഫ്രിക്കൻ പ്രധാനമന്ത്രിയായ ഡോ: മലാനു് ലണ്ടനിൽ ... പ്രകടനം നടത്തപ്പെട്ടു ... ലെയിൻ ഹോട്ടലിൻെറ മുൻവശത്തുകൂടി മലാൻ നശിക്കട്ടെ എന്നും മററുമുള്ള മുദ്രാവാക്യങ്ങൾ വിളിച്ചുപറഞ്ഞുകൊണ്ടു് ഒരു ലൗഡ്സ്പീക്കർ വാൻ ഓടിക്കൊണ്ടിരുന്നു. പ്രകടനങ്ങൾ സമാധാനമായി നടന്നു.

ഏററവും വലിയ ബുദ്ധിസമ്പന്നൻ

പണ്ഡിതജവഹർലാൽ ഫ്രൗ ... ലണ്ടൻ ഏപ്രിൽ 20

... ഏററവും ബുദ്ധിമാനായ രാഷ്ട്രതന്ത്രജ്ഞൻ പണ്ഡിതജവഹർലാൽ ... എന്നു് ...

ആലുവാ ചിട്ടിഫണ്ട്സ് (ക്ലിപ്തം)

ആലുവാ.

Branch Office:— N. പറവൂർ.

എ, ബി, സി, ഡി ക്ലാസ്സുകളിലായി 4000 ത്തി. രൂപ സലയുടെ ഒരു പ്രതിമാസ ലേലച്ചിട്ടി ഈ മാസം 15-ാംനു- ഞങ്ങളുടെ പറവൂർ ബ്രാഞ്ചിൽ ആരംഭിക്കുന്നതാണു്. ചിട്ടി പിടിച്ചവർക്കും പിടിക്കാത്തവർക്കും ഒരുപോലെ വിതപ്പലിശ ലഭിക്കും.

എ.	ക്ലാസ്സ്	50 രൂപാ വീതം	40 മാസം	2000	രൂപാ.
ബി.	"	25 " "	"	1000	"
സി.	"	15 " "	"	600	"
ഡി.	"	10 " "	"	400	"

കൂടുതൽ വിവരങ്ങൾക്കും, അലുവായിലുള്ള ഹെഡ് ആഫീസിലോ ബ്രാഞ്ചിലോ അപേക്ഷിക്കുക.

പറവൂർ,
1—9—1124.

കെ. സി. നായർ,
സെക്രട്ടറി.

WANTED

A Shorthand Typist with previous experience.
Apply to:—
Jaya Motion Pictures Ltd., Kottayam.

നിലവാരം

(സ്വ-ലേ) ആലപ്പുഴ, മേടം 9

എണ്ണ കൊച്ചി	527	8	0
പിണ്ണാക്കു് ടി	96	4	0
എണ്ണ ആലപ്പുഴ	512	8	0
പിണ്ണാക്കു ടി	92	8	0
കൊപ്ര പുകയാത്തതു്	347	0	0
ടി തെളിവു്	352	8	0
കുരുമുളകു പാകം	1710-1690		
ചുക്കു്	650	0	0
മഞ്ഞൾ	350	0	0
തങ്കം	114	8	0
പവൻ	75	8	0
സ്വർണ്ണം	73	0	0
വെള്ളി	180	0	0
ചില്ലറ	1	14	0

Printed and Published by C. M. Sankara Pillai at the Swaraj Printing Works Kottayam.